# ശ്രീ നാരായണ ഗുരു മിഷൻ ഓഫ് ദി യുകെ

**Registered Charity No. 281388**

Website: www.sngm.org   E-mail: secretary@sngm.org

## 36-ാമത് വാർഷിക ജനറൽബോഡി മീറ്റിംഗ്

പ്രിയ മെമ്പർ,

2015 ജൂൺ 21 ഞായർ രാവിലെ 10.30 ന് ശ്രീനാരായണ ഗുരുമിഷൻ ബിൽഡിങ്ങിൽ (16 Barking Road, East Ham, London E6 3BP) വെച്ച് നടക്കുന്ന വാർഷിക പൊതുയോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിക്കുവേണ്ടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

**കാര്യപരിപാടികൾ**

1. പ്രാർത്ഥന
2. ഹാജരാകാതിരിന്നതിനുള്ള ക്ഷമാപണം.
3. അഭിപ്രായങ്ങൾ പങ്കുവയ്ക്കൽ
4. അനുശോചനം
5. അജണ്ട അംഗീകരിക്കൽ.
6. അദ്ധ്യക്ഷന്റെ ആമുഖപ്രസംഗം
7. 2014 ഏപ്രിൽ 5ന് നടന്ന 35-ാമത് വാർഷിക ജനറൽബോഡി മീറ്റിങ്ങിന്റെ നടപടിചുരുക്കം.
8. ശ്രദ്ധ ക്ഷണിക്കൽ
9. വാർഷിക റിപ്പോർട്ട് 2014
10. റിപ്പോർട്ട് പരിഗണിക്കൽ
11. വാർഷിക കണക്ക് 2014
12. വാർഷിക കണക്കിനെക്കുറിച്ചുള്ള ശ്രദ്ധ ക്ഷണിക്കൽ
13. ക്രോയ്ഡൺ സെന്ററിന്റെ - യുകെ എസ്എൻജിഎം ബിൽഡിംഗ് പ്രൊജക്ട് - പുനരവലോകനാവതരണം
14. ഉപക്ഷേപം
15. മിഷനുപുറത്തുള്ള ശ്രീനാരായണ ഗുരുമിഷന്റെ പ്രവർത്തനങ്ങൾ - ഉച്ചഭക്ഷണം, ലഘുഭക്ഷണം നൽകൽ
16. മറ്റ് കാര്യങ്ങൾ.
17. എഴുത്തുകുത്തുകൾ
18. പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കൽ
19. കൃതജ്ഞത

നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും കമ്മിറ്റിയെ അറിയിക്കുന്നതിന് യോഗത്തിൽ നിങ്ങളുടെ സാന്നിദ്ധ്യം കൃത്യസമയത്ത് ഉണ്ടാകണമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റിക്കുവേണ്ടി അഭ്യർത്ഥിക്കുന്നു.

ഗുരുദേവൻ നിങ്ങളെ അനുഗ്രഹിക്കട്ടെ,

വിശ്വസ്തതയോടെ,

**പി.വി വിജയൻ**

15 മെയ് 2015 — ജനറൽ സെക്രട്ടറി

**വിനീതമായ അഭ്യർത്ഥന**

വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനു മുമ്പ് നിങ്ങളും അംഗത്വ വരിസംഖ്യയുടെ കുടിശിഖ തീർത്ത് പുതുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**2014-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും**

പ്രിയ മെമ്പർ,

യുകെയിലെ ശ്രീ നാരായണാ ഗുരു മിഷന്റെ 36-ാംമത് വാർഷിക റിപ്പോർട്ടും, ബഹുമാനപ്പെട്ട ട്രഷറർ തയ്യാറാക്കിയ 2014 ഡിസംബർ 31 വരെയുള്ള കണക്കുകൾ സഹിതം നിങ്ങളുടെ പരിഗണനക്കും അഭിപ്രായങ്ങൾക്കുമായി അവതരിപ്പിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ശ്രീ നാരായണാ ഗുരു മിഷന്റെ ചരിത്രത്തിലെ ഏറ്റവും വിജയകരമായ വർഷങ്ങളിലൊന്നായിരുന്നു 2014 എന്ന് പറയുന്നതിൽ ഇപ്പോഴത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അഭിമാനമുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പേഴ്സിന്റെയും ഉപസമിതിയുടെയും കൃത്യമായ പ്ലാനിങ്ങും കൂട്ടായപ്രവർത്തനവും ഐക്യവും, നിങ്ങൾ ഓരോരുത്തരുടെയും അകമഴിഞ്ഞ പിന്തുണയും, ഗുരുവിന്റെ അനുഗ്രഹവും ആണ് ഈ വിജയത്തിലേക്ക് നയിച്ച പ്രധാന ഘടകങ്ങൾ എന്ന് ഞാൻ വിശ്വസിക്കുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റിക്കുവേണ്ടി ഇതിൽ പ്രധാന നേട്ടങ്ങൾ എടുത്തുകാണിക്കട്ടെ.

- തികച്ചും കാര്യക്ഷമവും കൃത്യവുമായ ഭരണരീതി

മിഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടി പതിവായി യോഗം ചേരുകയും ഇതിന്റെ രേഖകൾ ശരിയായും കൃത്യമായും സൂക്ഷിക്കുകയും ചെയ്തു.

- 2014 ലെ ലാൻഡ് രജിസ്ട്രറിയിൽ ട്രസ്റ്റിമാരുടെ വിവരങ്ങൾ പുതുക്കി രജിസ്റ്റർ ചെയ്തു.
- 2010 മുതലുള്ള എല്ലാ ഭരണഘടനാപരമായ ഭേദഗതികളും ചാരിറ്റി കമ്മീഷൻ മുമ്പിൽ സമർപ്പിക്കുകയും പുതുക്കുകയും ചെയ്തു.
- മതം (Religion) എന്ന വാക്കുൾപ്പെട്ട പ്രധാനഭാഗം "ശ്രീനാരായണധർമ്മത്തിന്റെ പുരോഗതിക്കുവേണ്ടി (മതപരവും ജാതിപരവുമായ ഐക്യവും സമത്വവും വൈവിധ്യത്തിനും വേണ്ടി)" എന്ന് ഭേദഗതി ചെയ്തു. 2013 വാർഷിക പൊതുയോഗത്തിന്റെ മുൻകൂർ അനുമതിയോടെ ഈ മാറ്റം ചാരിറ്റി കമ്മിഷന് സമർപ്പിക്കുകയും ഔദ്യോഗികമാക്കുകയും ചെയ്തു.

2) 2014 ൽ 3 മാസത്തേയ്ക്ക് വർക്കല ഗുരുകുലത്തിലെ മുതിർന്ന പണ്ഡിതനായ സ്വാമി തന്മയ യുകെ സന്ദർശിച്ചത് മിഷന്റെ ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു നേട്ടമാണ്. അംഗങ്ങൾക്കും അംഗങ്ങൾഅല്ലാത്തവർക്കും വേണ്ടി സ്വാമി സന്ദർശനസമയത്ത് ഗുരുവചനങ്ങളെപ്പറ്റി തന്റെ ക്ലാസ്സുകളും മാർഗ്ഗ നിർദ്ദേശങ്ങളും ചർച്ചകളും നടത്തുകയും ഇത് മുഴുവൻ സമുദായത്തിനും ഉപകാരപ്രദമാക്കുകയും നമ്മുടെ പ്രാധാന ലക്ഷ്യമായ ഗുരുധർമ്മം കൂടുതൽ ആളുകളിലേക്ക് പ്രചരിപ്പിക്കുക എന്നതിന് സഹായമാവുകയും ചെയ്തു. കുറഞ്ഞകാലയളവിലേക്കാണെങ്കിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം മൂന്ന് കേന്ദ്രങ്ങളെയും കൂടുതൽ ഒന്നിപ്പിക്കുകയും നമ്മുടെ സംഘടനയെ ശക്തിപ്പെടുത്തുകയും ചെയ്തു. ഗുരുവിന്റെ മഹത്തായ പ്രാർത്ഥനയായ ദൈവദശകത്തിന്റെ ശതവാർഷികാഘോഷങ്ങൾ വൻവിജയമാകുകയും എല്ലാവരാലും അംഗീകരിക്കപ്പെടുകയും ചെയ്തു. സ്വാമി തന്മയയുടെ മാർഗ്ഗനിർദ്ദേശത്തോടും പിന്തുണയോടും കൂടി അന്നേദിവസം നമ്മുടെ കഴിവുറ്റ വോളന്റിയേസ് ശ്രദ്ധേയമായ പ്രകടനമാണ് കാഴ്ചവെച്ചത്.

3) സാമൂഹ്യ, സാംസ്കാരിക, കലാസമിതി ശ്രദ്ധേയവും ജനപ്രിയവുമായ ധാരാളം പരിപാടികൾ ഈ വർഷം അവതരിപ്പിക്കുകയുണ്ടായി. സാമൂഹ്യ സാഹിത്യ കലാവിഷയങ്ങളിൽ സമകാലിക പ്രാധാന്യമുള്ള പരിപാടികൾ അവർ അവതരിപ്പിച്ചത് പ്രചോദനാത്മകവും മൂല്യവത്തുമായിരുന്നു. ശ്രീനാരായണ ഗുരുമിഷന്റെ ആർട്സ്ഗ്രൂപ്പ് ഗുരുപ്രഭ എന്ന പേരിൽ വീണ്ടും പ്രവർത്തനം ആരംഭിച്ചത് ഈ വർഷത്തെ മറ്റൊരു പ്രധാന നേട്ടമായിരുന്നു. ഗുരുജയന്തി ആഘോഷങ്ങളുടെ ഭാഗമായി 'ഗുരുദേവൻ', ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി 'കാൽവരിയിലേക്ക്' എന്നിങ്ങനെ രണ്ട് മികച്ച നാടകങ്ങൾ ഗുരുപ്രഭ അവതരിപ്പിക്കുകയുണ്ടായി. ഇവ രണ്ടും വൻ വിജയവും നല്ല അഭിപ്രായവും നേടിത്തന്നു. ഗുരുദേവന്റ ജീവിതം ആസ്പദമാക്കി ചിത്രീകരിച്ച 'യുഗപുരുഷൻ' എന്ന സിനിമ, അതിന്റെ സംവിധായകന്റെ ടെലിഫോൺ സന്നിദ്ധ്യത്തിൽ നിരൂപണം ചെയ്തത് മറ്റൊരു ശ്രദ്ധേയമായ പരിപാടിയായി. സാമൂഹ്യകലാ ഉപസമിതിയും ജിഡിപി ഉപസമിതിയും ഒത്തുചേർന്ന് മിഷൻസെന്ററിൽ വച്ച് ഡോ. പൽപുവിന്റെ 150-ാം ജന്മദിനം വ്യത്യസ്തമായ സാംസ്കാരിക പരിപടികളോടെ ആഘോഷിച്ചു.

4). ഈസ്റ്റാം, ക്രോയ്ടൺ, സൗത്താൾ എന്നീ മൂന്ന് സെന്റുകളിൽ നടത്തിയ ഓണസദ്യ വൻവിജയമായിരുന്നു. നാടൻ പച്ചക്കറി ഓണസദ്യയിൽ വളരെയേറെ ആളുകൾ പങ്കെടുക്കുകയും ആസ്വദിക്കുകയും ചെയ്തു.

ക്രോയ്ടൺ കമ്മിറ്റിയുടെ സമർപ്പണവും കഠിനദ്ധ്വാനവും കൊണ്ട് ഗുരുജയന്തി 2014 ആഘോഷങ്ങൾ വിജയമായി. സ്വാമി തന്മയ, ക്രോയ്ഡണിന്റെ ആരാധ്യ മേയർ മഞ്ചു ഷാഹുൽ ഹമീദ്, സ്റ്റീവ് റീഡ് എംപി (ക്രോയ്ഡൺ നോർത്ത്), പ്രമുഖ ജേർണലിസ്റ്റ് പി. സുജാതൻ എന്നിവർ പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും പ്രൗഢഗംഭീരമായ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ഗുരുപ്രഭ അവതരിപ്പിച്ച 'ഗുരുദേവൻ' എന്ന നടകമായിരുന്നു അന്നത്തെ ഏറ്റവും ശ്രദ്ധേയമായ പരിപാടി. ഇത് കാണികളുടെ മുക്തകണ്ഠമായ പ്രശംസ നേടി. പരിപാടിയുടെ നടത്തിപ്പും അവതരണവും അങ്ങേയറ്റം അഭിനന്ദനാർഹമായിരുന്നു.

5) ആത്മാർത്ഥതയും അർപ്പണബോധവുമുള്ള ഒരുകൂട്ടം അംഗങ്ങൾ, എല്ലാ തിങ്കളാഴ്ച്ചയും വനിതാഫോറത്തിന്റെ പ്രവർത്തനങ്ങളും, എല്ലാ ചൊവ്വാഴ്ച്ചയും പ്രായമായവർക്കുവേണ്ടിയുള്ള പ്രവർത്തനവും നടത്തിയിരുന്നത് വളരെയധികം സ്ത്രീകൾക്കും പ്രായമായവർക്കും ഉപകാരപ്രദമായി. ന്യൂഹാം കൗൺസിലിന്റെ പിന്തുണയോടെയായിരുന്നു പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഹാംഷെയറിലെ പീറ്റേഴ്സ്ഫീൽഡിലുള്ള ബുദ്ധവിഹാരത്തിലേക്ക് വനിതാഫോറം സംഘടിപ്പിച്ച വിനോദയാത്ര അംഗങ്ങൾക്ക് അങ്ങേയറ്റം ആസ്വാദ്യകരമായിരുന്നു.

6) 2014-ൽ സ്പോർട്സ് ലഷർ ഉപസമിതി സംഘടിപ്പിച്ച ഏകദിനയാത്രയും ജർമ്മനിയിലെ റൈൻ വാലിയി

ലേക്ക് നടത്തിയ നാല് ദിവസത്തെ യൂറോപ്യൻ യാത്രയും ആസ്വാദ്യകരവും ഓർമയിൽ തങ്ങി നിൽക്കുന്നതുമായി. ഈ യാത്രകളുടെ പിന്നിൽ പ്രവർത്തിച്ച സംഘടനകളുടെയും പിന്തുണയേകിയവരുടെയും കഠിനാദ്ധ്വാനവും അർപ്പണവും പങ്കാളിത്തവും ഞങ്ങൾ അത്മാർത്ഥമായി പ്രശംസിക്കുന്നു. Little IlFord School-ൽ പ്രവർത്തിക്കുന്ന നമ്മുടെ ബാഡ്മിന്റൺ ക്ലബ്ബ് സജീവമായി മുന്നോട്ടുപോകുന്നുണ്ട്. എല്ലാ ഞായറാഴ്ച്ചയും 20 അംഗങ്ങളുടെ സാന്നിദ്ധ്യവും എടുത്തുപറയേണ്ടതാണ്.

7) 2014–ലെ ക്രിസ്മസ് ആഘോഷങ്ങൾ നമ്മുടെ മൂന്ന് കേന്ദ്രങ്ങളിലും വിവിധ പരിപാടികളോടെ ആഘോഷിച്ചത് വൻ വിജയമായി. ഈസ്റ്റാം സെന്ററിൽ വെച്ച് ഗുരുപ്രഭ നടത്തിയ 'കാൽവരിയിലേക്ക്' എന്ന ലഘുനാടകം ആസ്വാദ്യകരവും കാണികൾ ഇരുകൈയുംനീട്ടി സ്വീകരിക്കുകയും ചെയ്തു. ക്രോയ്ഡൺ സെന്ററിൽ വച്ച് നടത്തിയ കുട്ടികളുടെ ക്രിസ്മസ് പാർട്ടിയും, സൗത്താൾ സെന്ററിൽ വെച്ച് നടന്ന ആഘോഷങ്ങളും വളരെയധികം വിനോദപ്രദമായിരുന്നു.

8) 2014 ലെ ഫണ്ട് കളക്ഷൻ വിജയകരവും ഫണ്ടിന്റെ വിനിയോഗം വിവേകപൂർണവും എല്ലാപ്രധാന പരിപാടികൾക്കും ബഡ്ജറ്റിന്റെ ഉള്ളിൽ നിന്നു തന്നെ ചെലവുകൾ നിയന്ത്രിക്കാനുമായി. സാമ്പത്തിക ഉപസമിതിയുടെ ശ്രമഫലമായി കൗൺസിൽ ഗ്രാന്റുകളും ലഭിക്കുകയുണ്ടായി.

9) ക്രോയ്ഡണിലെ ശ്രീനാരായണ ഗുരുമിഷൻ ബിൽഡിങ്ങ് പദ്ധതി സജീവമായി മുന്നേറുന്നു. ഇതിന് സംഭാവന കണ്ടെത്തുകയും സംഭാവന നൽകാൻ കഴിയുന്നവരുടെ ഒരു പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. ട്രസ്റ്റിന്റെ രേഖകൾ പുതുക്കുകയും ക്രോയഡണിൽ ഒരു കെട്ടിടം വാങ്ങുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കാനും നിയമ തടസ്സങ്ങൾക്ക് പരിഹാരം കാണുവാനും സാധിച്ചു. നമുക്ക് ക്രോയ്ഡനിൽ കഠിനാദ്ധ്വാനികളും സത്യസന്ധരുമായ തുടർ ട്രസ്റ്റികളും ഉള്ളതിനാലും അംഗങ്ങളുടെ സജീവ സഹകരണം നൽകുന്നതിനാലും ഗുരുജയന്തി ആഘോഷവും മറ്റ് പ്രവർത്തനങ്ങളും ക്രോയ്ഡണിൽ സുഗമമായി നടക്കുന്നു.

10) നൂതനമായ ആശയങ്ങൾ വളരെ ആവേശപൂർവ്വം സ്വീകരിക്കുന്നവരാണ് എഡിറ്റോറിയൽ ബോർഡ് ഉപസമിതി. നമ്മുടെ സംഘടനയ്ക്കുവേണ്ടി ചെറിയ പുസ്തകങ്ങൾ അവർ പ്രസിദ്ധീകരിക്കുകയും പ്രധാനപരിപാടികൾക്കെല്ലാം ആവശ്യമുള്ള നോട്ടീസുകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തു. സംഘടനയുടെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള എല്ലാ അറിയിപ്പുകളും മുൻകൂട്ടി പ്രതിമാസ പ്രാർത്ഥനകളിലൂടെയും, മിഷന്റെ നോട്ടീസ് ബോർഡിലൂടെയും, മിഷന്റെ ഫെയ്സ്ബുക്ക് പേജിലൂടെയും, എസ്എൻജിഎം വെബ്സൈറ്റിലൂടെയും പ്രാദേശിക ഓൺലൈൻ പത്രങ്ങളിലൂടെയും വളരെ നന്നായി പരസ്യപ്പെടുത്തിയിട്ടുണ്ടെന്ന് അഭിമാനപൂർവ്വം പറയാൻ സാധിക്കും. നമ്മുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ നടത്തിപ്പിനും സമകാലീക വിവരങ്ങൾ കൂട്ടി ചേർക്കുന്നതിലും ഉള്ള സങ്കീർണമായ വിഷയങ്ങൾ പരിഹരിക്കുന്നതിന് അക്ഷീണമായി പരിശ്രമിച്ചു. നമ്മുടെ വെബ്സൈറ്റിന്റെ നവീകരണം അത്യാവശ്യമായിരുന്നതിനാൽ അതിനുവേണ്ടി അവർ വളരെ തീവ്രമായി പരിശ്രമിക്കുന്നുണ്ട്. ലളിതവും ആധുനികവും ആളുകൾക്ക് എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുന്ന വെബ്സൈറ്റ് ഉടനെ പുനപ്രകാശനം ചെയ്യുന്നതാണ്.

11) കഴിവുള്ള ഒരു കൂട്ടം ചെറുപ്പക്കാരുടെ പ്രവർത്തനങ്ങൾ കൊണ്ട് യുവജന യോഗം പ്രവർത്തനങ്ങൾ നന്നായി മുന്നേറുന്നു. ശ്രീനാരായണ ഗുരുമിഷന്റെ പ്രധാന പരിപാടികളിലെല്ലാം ശ്രദ്ധേയമായ പ്രകടനങ്ങൾ കാഴ്ചവച്ചു. നമ്മുടെ യുവജനങ്ങൾ എല്ലാ പരിപാടികളിലും സജീവമായി പങ്കെടുത്തു. ഏവർക്കും ഒരു ഉത്സവാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ഫുട്ബോൾ ടൂർണമെന്റ് നടത്തുകയുണ്ടായി. വിസ്മയകരവും പ്രചോദനത്മകരവുമായ ഒരു പരിപാടിയായിരുന്നു അത്. ടൂർണമെന്റ എല്ലാവരുടെയും പ്രശംസയ്ക്ക് പാത്രമായി. കുട്ടികളും ചെറുപ്പക്കാരും ഉൾപ്പെടെ എല്ലാ ഗ്രൂപ്പുകളുടെയും വിനോദപരിപാടികൾ ഉൾപ്പെടുത്തി മനോഹരമായ ഒരു ക്രിസ്മസ് പരിപാടി അവർ അവതരിപ്പിക്കുകയുണ്ടായി.

12) പ്രമുഖ അദ്ധ്യാപകരുടെയും അർപ്പണ മനോഭാവമുള്ള ആളുകളുടെയും നേതൃത്വത്തിൽ ശ്രീനാരായണ ഗുരുമിഷൻ വിദ്യാഭ്യാസ പരിപാടികൾ നടത്തിവരുന്നു. കുട്ടികളുടെ മാനസിക വികാസം വളർത്തുന്നതിനായി രണ്ട് സെന്ററുകളിലും ഗുണനിലവാരമുള്ള പരിപാടികൾ നടത്തപ്പെട്ടു. കഴിഞ്ഞ 20 വർഷത്തെ പ്രവർത്തനപരിചയം കൊണ്ട് കുട്ടികളെ അറിവിന്റെ പുതിയ മേഖലകളിലേക്ക് നയിക്കാൻ നമുക്ക് കഴിയുന്നു.

13) നമ്മുടെ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾക്കായി ഗണ്യമായ ഒരു തുക ചിലവഴിക്കുകയും സുരക്ഷാ നിലവാരം ഉറപ്പുവരുത്തുകയും ചെയ്തു.

കഴിഞ്ഞ 36 വർഷകാലത്തെ നമ്മുടെ വളർച്ച മികച്ചതാണെങ്കിലും നാം എത്തിച്ചേരേണ്ട പല മേഖലകളിലും നമുക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ മേഖലകളിലെല്ലാം നാമറിയാതെ തന്നെ നാം മന്ദഗതിയിലായിരുന്നു. നല്ല സന്നദ്ധസംഘടനകളിലൊന്നായി മാറുവാൻ നമ്മൾ കഠിനമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു എന്നാണെന്റെ വിശ്വാസം. കൂടുതൽ ചെറുപ്പക്കാരെ സംഘടനയുടെ ഭാഗമാക്കേണ്ടത് ഭാവിവളർച്ചയ്ക്ക് അനിവാര്യമാണ്. ഗുരുധർമ്മ പ്രചാരണം ഉൾപ്പടെയുള്ള സൃഷ്ടിപരവും നൂതനവും സന്നദ്ധസംഘടനാപരവുമായ ഗുണഫലങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കേണ്ടതിന് ഈ രീതിയിലുള്ള സംഘടനയുടെ പുരോഗതി വളരെ പ്രധാനമാണ്.

അംഗങ്ങൾ തമ്മിലുള്ള ആശയ വിനിമയ പോരായ്മയാണ് നമ്മുടെ സംഘടന നേരിടുന്ന മറ്റൊരു പ്രധാനപ്രശ്നം. പൊതുവായി നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിയിപ്പുകൾ കൈവശം കൊടുത്തു വിടുകയോ തപാൽ വഴി അയ്ക്കുകയോ ചെയ്യുന്നത് പ്രായോഗികമല്ല. ഇത് പരിഹരിക്കുന്നതിലേയ്ക്കായി ഇന്റർനെറ്റ് ഉപയോഗിക്കുന്ന എല്ലാ അംഗങ്ങളും അവരുടെ ഇമെയിൽ അഡ്രസ് secretary@sngm.org എന്നഅഡ്രസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പുതിയ അറിയിപ്പുകളും മറ്റും കാണുവാൻ നമ്മുടെ ഫേയ്സ്ബുക്കും, വെബ്സൈറ്റും ദിവസവും സന്ദർശി

ക്കണമെന്നും അഭ്യർത്ഥിക്കുന്നു. മുൻ കമ്മിറ്റികൾ ഉണ്ടാക്കിയെടുത്ത അടിത്തറയിൽ നിന്നുകൊണ്ട് ഗുരുദേവന്റെ തത്വങ്ങളിൽ നിന്നും ഒട്ടും വ്യതിചലിക്കാതെ 12 ഉപസമിതികളുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങളും സേവനങ്ങളും അംഗങ്ങൾക്കും പ്രാദേശിക സമുദായങ്ങൾക്കും മിഷൻ ഉറപ്പുവരുത്തി മുന്നേറുന്നു.

ഉപസമിതികളെക്കുറിച്ചുള്ള വിവരങ്ങൾ താഴെക്കൊടുക്കുന്നു.

**1. Guru Dharma propagation (GDP)**

ചെയർ പേഴ്സൺ : മി. ഗിരിധരൻ വിദ്യാധരൻ

വൈസ് ചെയർപേഴ്സൺ
1. ശ്രീ. സനൽ മാധവൻ
2. ശ്രീ. കിഷോർ കുമാർ (ക്രോയഡൺ)
3. ശ്രീ. കെ. തങ്കരാജ് (സൗത്ത്ഹാൾ)

സബ്കമ്മറ്റി അംഗങ്ങൾ : ശ്രീ. ജി. സുരേഷ് കുമാർ (തമ്പി), ശ്രീ. ബൈജു ശാന്തശീലൻ, ശ്രീ. ബി.ബി. ശ്രീകുമാർ, ശ്രീമതി. ബീന ശ്രീനാരായണ, ശ്രീ. മുരളീധരൻ വി., ഡോ. നിർമ്മല രവീന്ദ്രൻ, ശ്രീ. ആർ. വിനോദ് ബാബു, ശ്രീ. സുഭാഷ് സദാശിവൻ, ശ്രീമതി. സലീന സദാശിവൻ, ശ്രീ. സുരേഷ് ധർമ്മരാജൻ, ശ്രീ. ടി.ജി. ശശീന്ദ്രൻ, ശ്രീമതി. വൽസമ്മ തങ്കപ്പൻ, ശ്രീ. മണിലാൽ ശിവാനന്ദൻ, ശ്രീ. എസ് ഗോപാലകൃഷ്ണൻ, ശ്രീ. ഷോൺ സുരേന്ദ്രൻ, ശ്രീ. ജയപ്രകാശ് എസ്. ശ്രീ. കിരൺ എസ്., ശ്രീ. ജീവൻജ്യോതി പ്രകാശ്, ശ്രീ. പ്രവീൺ വിജയ്, ശ്രീ. സദാനന്ദൻ സുരേഷ്, ശ്രീ. സുരേഷ് സുകുമാർ, ഡോ. വി. സരസൻ.

ഇപ്പോഴത്തെ എക്സിക്യൂട്ടിവ് കമ്മിറ്റി 2014 ഏപ്രിലിൽ ചാർജെടുത്തപ്പോൾ മുതലുള്ള എട്ടുമാസക്കാലം, നാനാതരം വിശ്വാസങ്ങളും പലതരം സംസ്കാരങ്ങളുള്ള ഒരു സമൂഹത്തിന്റെ സമാധാനപരമായ നിലനിൽപ്പിനും മനുഷ്യകുലത്തിന്റെ ഏകതയ്ക്കും സഹായിക്കുന്ന ഗുരുവചനങ്ങളുടെ പ്രചാരണം എന്ന നമ്മുടെ പ്രധാനലക്ഷ്യത്തിനായുള്ള പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുന്നതിലേക്കായുള്ള, ഉപസമിതിയോഗങ്ങൾ കൂടുകയുണ്ടായി. ലക്ചറുകൾ, സെമിനാറുകൾ, എക്സിബിഷനുകൾ, ഗ്രൂപ്പ്സ്റ്റഡി, ചർച്ച, യോഗങ്ങൾ തുടങ്ങിയവയിലൂടെ കൂടുതൽ ആളുകളിലേക്കെത്താനും ലഘു ലേഖകൾ, വെബ്സൈറ്റ്, ഫേസ്ബുക്ക് എന്നിവയിലൂടെയുള്ള പ്രചാരണവുമാണ് നമ്മൾ ലക്ഷ്യമാക്കുന്നത്.

ഇപ്പോഴത്തെയും മുൻപത്തെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പിന്തുണയോടെ, മുൻവർഷങ്ങളിൽ ജിഡിപി ഉപസമിതി നടത്തിയ പദ്ധതികളുടെയും ചർച്ചകളുടെയും ഫലമായി, കേരളത്തിൽ നാരായണ ഗുരുകുലത്തിൽ നിന്നും ഗുരുതത്വങ്ങളിൽ അഗാധപാണ്ഡിത്യമുള്ള സ്വാമി തന്മയയെ കൊണ്ടുവരുവാനുള്ള ഭാഗ്യമുണ്ടായി. 2014 സെപ്റ്റംബർ 4 മുതൽ 2014 ഡിസംബർ 8 വരെ മൂന്നുമാസക്കാലം സ്വാമിജി നമ്മോടൊത്ത് വസിക്കുകയും ഗുരുധർമ്മപ്രചാരണം വളരെ ഭംഗിയായി നടത്തുന്നതിന് നേതൃത്വം നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും മാർഗ്ഗനിർദ്ദേശവും നമുക്കെല്ലാവർക്കും വലിയ പ്രചോദനമായി ഭവിച്ചു.

**തന്മയാ സ്വാമികളുടെ പങ്കാളിത്തവും പിന്തുണയും ഉൾപ്പെടെ, ജിഡിപിയുടെ നേട്ടങ്ങളുടെയും പ്രവർത്തനങ്ങളുടെയും സംഗ്രഹം താഴെ കൊടുത്തിരിക്കുന്നു :**

**1. പ്രാർത്ഥനാ പുസ്തകങ്ങൾ :**

ഈസ്റ്റാം, ക്രോയ്ഡൺ, സൗത്താൾ എന്നീ മൂന്ന് സെന്ററുകളിലെ പ്രതിമാസ പ്രാർത്ഥനകൾക്കും മിഷന്റെ പ്രാർത്ഥനാ മുറിയിലെ ഉപയോഗത്തിനും വേണ്ടി ഇംഗ്ലീഷ് തർജ്ജമ ഉൾപ്പെടുത്തിയുള്ള പ്രാർത്ഥനാ ബുക്കുകൾ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചു. ഗുരുവിനെക്കുറിച്ചും അദ്ദേഹം പ്രതിഷ്ഠ നടത്തിയ അമ്പലങ്ങളെക്കുറിച്ചും തയ്യാറാക്കിയ ഡോക്യുമെന്ററി ഡിവിഡികളും ബുക്കുകളും വിതരണം ചെയ്യുകയുണ്ടായി.

**2. ദൈവദശകത്തിന്റെ ശതവർഷ ആഘോഷവും സെമിനാറും**

2014 നവംബർ 30 ഞായറാഴ്ച മിഷൻഹാൾളിൽ വച്ച് ഗുരുദേവൻ എഴുതിയ മഹത്തായ പ്രാർത്ഥന “ദൈവദശക”ത്തിനെ (ഇശ്വരനെക്കുറിച്ചുള്ള 10 കാവ്യങ്ങൾ) അടിസ്ഥാനമാക്കിയായിരുന്നു ഈ പരിപാടി. സ്വാമി തന്മായ തിരിതെളിച്ചുകൊണ്ട് പരിപാടി ആരംഭിച്ചു. ക്രോയ്ഡൺ, ഈസ്റ്റാം, സൗത്താൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രാർത്ഥനാ സംഘങ്ങൾ ഗുരുവിന്റെ പ്രാർത്ഥനകൾ, ദൈവദശകം, ഈശാവാസ്യോപനിഷത്ത്, അനുകമ്പദശകം എന്നിവ ആലപിച്ചു.

ആമുഖപ്രസംഗം നടത്തിയ ജിഡിപി ചെയർമാൻ ശ്രീ. ഗിരിധരൻ എല്ലാവരെയും ചടങ്ങിലേയ്ക്കു സ്വാഗതം ചെയ്തു. പ്രസിഡന്റ് ശ്രീ. ശശികുമാർ ചടങ്ങ് ഔദ്യോഗികമായി ഉൽഘാടനം ചെയ്യുകയും ഉൽഘാടന പ്രസംഗം നടത്തുകയും ചെയ്തു. സ്വാമി തന്മയയുടെ അനുഗ്രഹ പ്രഭാഷണത്തിനു ശേഷം സെമിനാർ ആരംഭിച്ചു.

ശ്രീ. സുഭാഷ് സദാശിവൻ സെമിനാറിൽ അദ്ധ്യക്ഷനായി സ്വാമി തന്മയ പരിശീലിപ്പിച്ച ജിഡിപിയിലെ ഉപസമിതിയിലെ 12 അംഗങ്ങൾ ഓരോരുത്തരും, 2 പേരുടെ പ്രത്യേക പ്രഭാഷണങ്ങൾ ഉൾപ്പെടെ, ദൈവദശകത്തിൽ നിന്നുള്ള ഓരോ ശ്ലോകത്തിന്റെ അർത്ഥം വിശദീകരിക്കുകയും ചെയ്തു. അവരുടെ പേരുകൾ:

1. ശ്രീ. സുഭാഷ് സദാശിവൻ (ആമുഖം & ശ്ലോകം 1), 2. ജനറൽ സെക്രട്ടറി (ശ്രീ. പി.വി. വിജയൻ), ശ്രീ. കെ. തങ്കരാജ് (സൗത്താൾ), 4. ശ്രീ. ജി. സുരേഷ് കുമാർ (തമ്പി), 5. ശ്രീമതി. ബീന ശ്രീനാരായണ, 6. ശ്രീ. മുരളീധരൻ വിദ്യാധരൻ, 7. ശ്രീമതി. പ്രിയ ബസന്ത് (ക്രോയ്ഡൻ), 8. ശ്രീ. ഗിരിധരൻ വിദ്യാധരൻ, 9. ശ്രീ. സുരേഷ് ധർമ്മരാജൻ (ക്രോയ്ഡൻ), 10. പ്രസിഡന്റ് (ശ്രീ. ജി. ശശികുമാർ), 11. ശ്രീ. സനൽ മാധവൻ (ദൈവദശകം-ഇശാവാസ്യോപനിഷത് താരതമ്യം), 12. ശ്രീമതി. സലീന സദാശിവൻ (സാർവ്വലൗകിക മതം & സാർവ്വലൗകിക പ്രാർത്ഥന).

ശ്രീ. ഫ്രാൻസിസ് ആഞ്ചിലോസ് മനോഹരമായ ഒരു പ്രസംഗം നടത്തി. സ്വാമി തന്മയയുടെ വളരെ അഗാധ മായ അറിവുകൾ നിറഞ്ഞ പ്രസംഗത്തോടെ സെമിനാർ അവസാനിച്ചു. ശ്രീ സന്തോഷ് സായരും മിസ് ദിവ്യതങ്ക രാജും അവതരിപ്പിച്ച രണ്ട് നൃത്തങ്ങൾ പരിപാടിയെ മനോഹരമാക്കി. പരിപാടിയുടെ അവസാനം ജനറൽ സെക്ര ട്ടറി ശ്രീ. പി.വി. വിജയൻ കൃതജ്ഞതപ്രകാശനം നടത്തി.

പരിപാടിക്കുവേണ്ടി ലഘുഭക്ഷണം ലഭ്യമാക്കിയ ശ്രീ. സരസൻ വിശ്വംഭരന് പ്രത്യേക നന്ദി അറിയിക്കുന്നു.

3) സ്വാമി തന്മയ എല്ലാ ദിവസവും മൂന്നു സെന്ററുകളിലും ഗുരുവചനങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നട ത്തുകയുണ്ടായി. ഈ ക്ലാസ്സുകൾ അംഗങ്ങൾക്ക് അങ്ങേയറ്റം ഉപകാരപ്രദമായി.

4) 2014 ഡിസംബർ 9 ചൊവ്വാഴ്ച്ച തന്റെ കേരളത്തിലേയ്ക്കുള്ള മടക്കുയാത്രയ്ക്ക് മുൻപ് മിഷനും അതിന്റെ അംഗങ്ങളുടെയും അനുഗ്രഹാർത്ഥം മിഷൻ ഹാളിൽ വച്ച് 2014 ഡിസംബർ 7 ഞായറാഴ്ച ഒരു ഹോമം (മന്ത്ര ങ്ങൾ ഉരുവിട്ടു കൊണ്ടുള്ള ഒരു ചടങ്ങ്) സ്വാമി തന്മയ നടത്തുകയുണ്ടായി.

5) 2014 ഡിസംബർ 7 ഞായറാഴ്ച സ്വാമി തന്മയയ്ക്ക് പ്രത്യേകം ഫലകം നൽകികൊണ്ട് യാത്രയയപ്പ് നട ത്തി. അംഗങ്ങളും അഭ്യുദയാകാംക്ഷികളും ചേർന്ന് വർക്കല ഗുരുകുലത്തിനുവേണ്ടി ഒരു ലക്ഷം രൂപ സംഭാവന നൽകുകയുമുണ്ടായി.

6) ജിഡിപി ചെയർമാൻ ശ്രീ വി. ഗിരിധരനും ജിഡിപി അംഗം ശ്രീ ജി സുരേഷ്കുമാറും (തമ്പി) ചേർന്ന് രോഗ ബാധിതരായി മരിച്ചു മിഷന്റെ അംഗങ്ങൾക്കുവേണ്ടി ശവസംസ്കാര ചടങ്ങുകൾ ദൈവദശകത്തിൽ നിന്നുള്ള പ്രാർത്ഥനകൾ ഉരുവിട്ടു കൊണ്ട് നടത്തി.

7). പ്രായമായ അംഗങ്ങൾക്കു വേണ്ടി ഫ്രീഡം പാസിനുവേണ്ട അപേക്ഷാ ഫോറങ്ങൾ, ഒസിഐ വിസ അപേഷാ ഫോറം എന്നിവ ഇന്റർനെറ്റിലൂടെ കൈകാര്യം ചെയ്യുന്നതിനെപ്പറ്റി ജിഡിപി ചെയർമാൻ സൗജന്യ സഹായവും ഉപദേശവും നൽകി.

**കൃതജ്ഞത**

സ്വാമി തന്മയയുടെ മൂന്നു മാസത്തെ ലണ്ടൻ സന്ദർശനസമയത്ത് അദ്ദേഹത്തിന് വേണ്ട താമസ സൗക ര്യവും പിന്തുണയും നൽകിയ ശ്രീ. ഡി. കൊച്ചുഗോവിന്ദിനോടുള്ള ഹൃദയപൂർവ്വമായ നന്ദി എക്സിക്യൂട്ടിവ് കമ്മിറ്റിയും ജിഡിപിയും അറിയിക്കുന്നു.

വിമാനടിക്കറ്റും അതുപോലെയുള്ള മറ്റുചിലവുകളും പൂർണമായും വഹിച്ചത് താഴെ പറയുന്നസ്പോൺസ ർമാരാണ് : ശ്രീ. കൊച്ചുഗോവിന്ദൻ, ശ്രീ. അനിൽ, ശ്രീ. സുഗതൻ സഹദേവൻ, ശ്രീ. മുരളീധരൻ വിദ്യാധരൻ, ഡോ. നിർമലാദേവി രവീന്ദ്രൻ, ശ്രീ. സുഭാഷ് സദാശിവൻ, ശ്രീമതി വൽസമ്മ തങ്കപ്പൻ, ശ്രീ. ടി.ജി. ശശിധരൻ, ശ്രീമതി. ബീന ശ്രീനാരായണ, ശ്രീ. സജീവ് ദിവാകരൻ, ശ്രീ. മണിലാൽ ശിവാനന്ദൻ, ശ്രീ. പ്രവീൺ വിജയ്, ശ്രീ. ആർ. നടരാജൻ, ശ്രീ. ഗിരിധരൻ വിദ്യാധരൻ, ശ്രീ. സുരേഷ് ധർമ്മരാജൻ, ഡോ. പരീഷ് ഭാസി, ശ്രീ. സനൽ മാധവൻ, ശ്രീ. ശ്രീകുമാർ (ഏഷ്യാനെറ്റ്), ശ്രീ. എസ്. ജയപ്രകാശ്, ശ്രീ. എൻ. ശിശുപാലൻ, കുമാരി. സുജ ഗോപിനാഥൻ, ശ്രീമതി. വസന്ത രാമകൃഷ്ണൻ, ശ്രീ. എൻ. ശ്രീധരൻ, ശ്രീ. സദാനന്ദൻ സുരേഷ് (മണമ്പൂർ).

സ്വാമിയുടെ സന്ദർശനഫണ്ടിലേക്കുള്ള ഉദാരമായി സംഭാവന ചെയ്ത എല്ലാവരോടും ഞങ്ങൾ നന്ദിയുള്ള വരാണ്.

ശ്രീ സനൽ മാധവൻ, ശ്രീ മണിലാൽ ശ്രിവാനന്ദൻ എന്നിവരുടെ സഹായത്തോടെ ശ്രീ. ടി.ജി ശശിധരൻ (മെ മ്പർഷിപ്പ് സെക്രട്ടറി) സ്വാമിയുടെ ചിലവുകളിലേക്കായുള്ള ഫണ്ട് ശേഖരിക്കുന്നതിലും കൈകാര്യം ചെയ്യുന്ന തിലും എടുത്ത ശ്രമങ്ങളെയും താൽപര്യത്തെയും ഞങ്ങൾ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. സ്വാമിജിയുടെ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും സംഘടിപ്പിക്കുന്നതിനും സഹായവും പ്രോത്സാഹനവും എനിക്ക് നൽകിയ ശ്രീ സുഭാഷ് സദാശിവനും ശ്രീ സനൽ മാധവനും ഞാൻ നന്ദി അറിയിക്കുന്നു. ഗുരുവചനങ്ങളിൽ ഉള്ള തങ്ങളുടെ അറിവ് ഞങ്ങളുമായി പങ്കു വെച്ച ജിഡിപി അംഗങ്ങളായ ശ്രീ. പ്രവീൺ വിജയ്, ഷോൺ സുരേ ന്ദ്രൻ (കണ്ണൻ) എന്നിവർക്ക് പ്രത്യേക നന്ദി അറിയിക്കുന്നു.

(എ) "ഗുരുവിന്റെ വഴിയിൽ" എന്ന, ഗുരുദേവൻ പ്രതിഷ്ഠ നടത്തിയ അമ്പലങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററി, ഡിവിഡിയിൽ കോപ്പി ചെയ്യുന്നതിനായി ശ്രീ. സുരേഷ് സുകുമാരന്റെ (എഡിറ്റോറിയൽ ചെയർമാൻ) ആത്മാർത്ഥ മായ ഉദ്യമത്തിന് നന്ദി. 50 ഡിവിഡിയുടെ ചിലവ് 10 യൂറോ ആണ്. എന്നാൽ കോപ്പി ചെയ്തതിലൂടെ അംഗങ്ങൾക്ക് സൗജന്യമായി ലഭിക്കുന്നതാണ്.

(ബി) പ്രാർത്ഥനാ ഗീതങ്ങളുടെ പുസ്തകത്തിന്റെത്തിന്റെ 1000 കോപ്പികളും പ്രിന്റുചെയ്തു. ഇതിന് വളരെ കുറഞ്ഞ നിരക്കായ 40 യൂറോ മാത്രമേ ആയുള്ളു. ദൈവദശകം ശതവാർഷിക ആഘോഷങ്ങൾക്കും, ഡോ പൽപ്പുവിന്റെ 150-ാം ജന്മദിനാഘോഷങ്ങൾക്കും ബാനറുകൾ സ്പോൺസർ ചെയ്ത ശ്രീ ഷാജി ശ്രിവാന്ദന് (സൗത്താൾ) പ്രത്യേക നന്ദി അറിയിക്കുന്നു. ദൈവദശകം, ഈശാവാസ്യോപനിഷത്ത്, അനുകമ്പദശകം (ദയ യെപ്പറ്റിയുള്ള 10 ശ്ലോകങ്ങൾ) ഇവയുടെ അർത്ഥം വിശദമാക്കുന്ന രീതിയിലാണ് ശ്രീനാരായണ ഗുരുമിഷൻ ഹാളിന്റെ ഭിത്തികൾ അലങ്കരിച്ചത്. ശ്രീമതി. ബീന ശ്രീനാരായണ, സ്വാമി തന്മയ എന്നിവർ ശ്രീ ബൈജു ശാന്ത ശീലന്റെ സഹായത്തോടെയാണ് ഹാളിന്റെ ഭിത്തികൾ ഡിസൈൻ ചെയ്തത്. ഈ പ്രത്യേക പരിപാടി വിജയ ത്തിലേക്ക് നയിച്ച ജിഡിപിയിലെ മറ്റ് എല്ലാ അംഗങ്ങളെയും അഭിനന്ദനം അറിയിക്കുന്നു. ഗുരുവിന്റെ പുസ്തക ങ്ങൾ വിതരണം ചെയ്യുന്നതിന് സഹായിച്ച ശ്രീമതി. തീർത്ഥ ബൈജു, ശ്രീമതി. ബീന ശ്രീനാരായണ എന്നിവ രെയും അഭിനന്ദനം അറിയിക്കുന്നു.

നടരാജഗുരു എഴുതിയ 'ഗുരുവചനം' എന്ന ബുക്കിനെ അടിസ്ഥാനമാക്കി 2014 ഡിസംബർ മുതൽ ചർച്ചാ ക്ലസ്സുകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ഞായറാഴ്ചയും രാവിലെ 9.30 മുതൽ 11 വരെ നടത്തപ്പെടുന്ന

ഈ ക്ലാസുകളിൽ താൽപര്യമുള്ളവർക്ക് ഞങ്ങളുമായി ബന്ധപ്പെടുകയും തുടർന്നുള്ള ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ശ്രീ. സുഭാഷ് സദാശിവൻ, ശ്രീ. സനൽ മാധവൻ എന്നിവരാണ് ഈ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നത്. ഗുരുകുലത്തിൽ നിന്നും സ്വാമി തന്മയ ഉൾപ്പെടെ, അംഗങ്ങളുടെ വളരെ വിപുലമായ പങ്കാളിത്തം സ്കൈപ്പ് ഉപയോഗിച്ച് ഈ ക്ലാസ്സുകളിൽ ഉറപ്പാക്കുന്നു.

ശ്രീ. ഗോപാലകൃഷ്ണന്റെ പിന്തുണയോടെ ശ്രീകിഷോർ കുമാർ ആണ് ക്രോയ്ഡൺ സെന്ററിലെ പ്രതിമാസ പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുത്തത്. സൗത്ത് ഹാളിലെ ത്രൈമാസ പൂജകൾക്ക് നേതൃത്വം നൽകിയിരുന്നത് ശ്രീ. തങ്കരാജ്, ശ്രീ. മണിലാൽ ശിവാനന്ദൻ, ശ്രീ. ഷാജി ശിവാനന്ദൻ എന്നിവരാണ്. കൂടുതൽ യുവജനങ്ങളെ നമ്മുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി ശ്രീ. പ്രവീൺ വിജയ്, ശ്രീ. ജിവൻ ജോതിപ്രകാശ്, ശ്രീ. കിരൺ എസ്. എന്നിവർ പ്രതിമാസ പ്രാർത്ഥനായോഗങ്ങളിൽ പ്രസംഗങ്ങൾ നടത്തി.

**പ്രതിമാസ പ്രാർത്ഥനാ യോഗങ്ങളിൽ പ്രസംഗിച്ച മറ്റുള്ളവർ:**

(എ) **ഈസ്റ്റാം** : സ്വാമി തന്മയ, ഡോ. പരീഷ് ഭാസി, ശ്രീ. ജി. ശശികുമാർ, ശ്രീ. ഗിരിധരൻ വിദ്യാധരൻ, ശ്രീമതി. ബീന ശ്രീനാരായണ, ശ്രീ. സുഭാഷ് സദാശിവൻ, ശ്രീ. സനൽ മാധവൻ, ശ്രീ. ജി. സുരേഷ് കുമാർ (തമ്പി), ശ്രീ. ജി. ശശികുമാർ, കുമാരി. ആർഷ മോഹൻ, കുമാരി. ആർദ്ര മോഹൻ.

(ബി) **ക്രോയ്ഡൺ** : ശ്രീ. ഗിരിധരൻ വിദ്യാധരൻ, ശ്രീ. ജി. ശശികുമാർ, സ്വാമി തന്മയ, ശ്രീമതി. വിലാസിനി കരുണാകരൻ, ശ്രീ. എം.ഡി. വിജയകുമാർ (അഖിലേന്ത്യാ മലയാളി അസോസിയേഷന്റെ ജനറൽ സെക്രട്ടറി), ശ്രീ. ജി. സുരേഷ് കുമാർ (തമ്പി), ശ്രീ. സുരേഷ് ധർമ്മരാജൻ, ശ്രീമതി. പ്രിയ ബസന്ത്.

(ബി) **സൗത്താൾ** : സ്വാമി തന്മയ.

**1.1) ഈസ്റ്റാം, ക്രോയ്ഡൺ, സൗത്താൾ എന്നിവിടങ്ങളിലെ ധ്യാനവും പ്രാർത്ഥനായോഗങ്ങളും**

ക്രോയ്ഡണിലെ കോർണർസ്റ്റോൺ ഹൗസിലും ഈസ്റ്റ് ഹാമിലെ മിഷൻ സെന്ററിലും വച്ച് പ്രതിമാസ പ്രാർത്ഥനായോഗങ്ങളും, സൗത്താൾസെന്ററിലെ ത്രൈമാസ പ്രാർത്ഥനാ യോഗങ്ങൾ ക്രൈസ്റ്റ് ദി റഡിമർ പള്ളി ഹാളിലും (299 Allen by Road) വച്ച് വിജയകരമായി നടത്തിപ്പോരുന്നു. ക്രോയ്ഡണിലെ പ്രതിമാസ പൂജ ഭംഗിയായി നടത്തുന്നതിനുവേണ്ട സഹായങ്ങൾ ചെയ്യുന്ന ശ്രീ ആർ സത്യദേവന് പ്രത്യേക നന്ദി അറിയിക്കുന്നു.

ക്രോയ്ഡണിലെ പ്രതിമാസ പ്രാർത്ഥനകൾക്ക് ശേഷം 2014 നവംബർ 9 ഞായറാഴ്ച ക്രോയ്ഡൺ സിവിഎ ഹാളിൽ സ്വാമി തന്മയയുടെ സാന്നിദ്ധ്യത്തിൽ ഈ വർഷം ആദ്യമായി ഒരു വിവാഹചടങ്ങ് നടത്തുകയുണ്ടായി. അംഗങ്ങളായ ശ്രീ എ ജയകുമാറിന്റെയും ശ്രീമതി പ്രസന്ന ജയകുമാറിന്റെയും മകനായ ശ്രീ ഷിബു ജയകുമാറായിരുന്നു വരൻ.

ക്രോയ്ഡണിലെ പ്രതിമാസ പ്രാർത്ഥനകൾക്ക് പിന്തുണ നൽക്കുന്ന അംഗങ്ങളായ ശ്രീമതി. വിലാസിനി ഭാനു, ശ്രീമതി. ഭാമ തുളസീധരൻ, ശ്രീമതി. വിലാസിനി കരുണാകരൻ, ശ്രീമതി. ശ്രീദേവി ധർമ്മജൻ, ശ്രീമതി. പ്രസന്ന ജയകുമാർ, ശ്രീമതി. രേണുക കിഷോർകുമാർ, ശ്രീ. എസ് ഗോപാലകൃഷ്ണൻ, ശ്രീ&ശ്രീമതി. തുളസീധരൻ എന്നിവർക്ക് നന്ദി അറിയിക്കുന്നു.

ക്രോയ്ഡണിലെ പ്രതിമാസ പ്രാർത്ഥനകളിൽ ആസ്വാദ്യകരമായ ഗാനങ്ങൾ ആലപിക്കുന്ന ശ്രീ സുധീഷിനും ശ്രീമതി പ്രിയ ബസന്തിനും പ്രത്യേക നന്ദി. അതുപോലെ പ്രാർത്ഥനയ്ക്ക് പിന്തുണ നൽകുന്ന എല്ലാവർക്കും നന്ദി അറിയിക്കുന്നു.

2014ലെ പ്രതിമാസ പ്രാർത്ഥനായോഗങ്ങൾ സ്പോൺസർ ചെയ്തവരുടെ ചേരുകൾ താഴെ കൊടുക്കുന്നു.

| **മാസം** | **ഈസ്റ്റാം** | **ക്രോയ്ഡൺ** |
|---|---|---|
| ജനുവരി | ശ്രീ. & ശ്രീമതി അരുണും കുടുംബവും | പരേതനായ വിശ്വനാഥന്റെ കുടുംബം |
| ഫെബ്രുവരി | ശ്രീ. & ശ്രീമതി ശ്രീകുമാറും കുടുംബവും | ശ്രീ. പ്രകാശ് വിശ്വനാഥനും കുടുംബവും |
| മാർച്ച് | ശ്രീ. & ശ്രീമതി രഘവും കുടുംബവും (മാതാ അമൃതാനന്ദ സംഘം) | ശ്രീ. സുമലാലും കുടുംബവും |
| ഏപ്രിൽ | ശ്രീമതി. ബേബി ധർമ്മശീലനും കുടുംബവും | ശ്രീ. ജയകുമാറും കുടുംബവും |
| മെയ് | ശ്രീ. & ശ്രീമതി സരസനും കുടുംബവും | ശ്രീ. തുളസീധരനും കുടുംബവും |
| ജൂൺ | ശ്രീമതി തുളസി രാജനും കുടുംബവും | എസ്എൻജിഎം |
| ജൂലൈ | എസ്എൻജിഎം | എസ്എൻജിഎം |
| ഓഗസ്റ്റ് | ശ്രീ. & ശ്രീമതി മുരളീധരനും കുടുംബവും | ശ്രീമതി മധനാവതിയും കുടുംബവും |
| സെപ്റ്റംബർ | ഓണത്തിന് എസ്എൻജിഎം നടത്തിയ പ്രത്യേക പ്രാർത്ഥന | ശ്രീമതി വിലാസിനി ഭാനുവും കുടുംബവും |
| ഒക്ടോബർ | ശ്രീ. & ശ്രീമതി ശശികുമാറും കുടുംബവും | ശ്രീമതി വിലാസിനി കരുണാകരനും കുടുംബവും |
| നവംബർ | ശ്രീ. & ശ്രീമതി റെജിയും കുടുംബവും | ശ്രീ. ജയകുമാറും കുടുംബവും |
| ഡിസംബർ | ശ്രീ. & ശ്രീമതി അരുണും കുടുംബവും | ശ്രീമതി ശ്രീദേവി ധർമ്മജനും കുടുംബവും |

പ്രാർത്ഥനാ മുറിയിൽ ഉപയോഗിച്ചിരുന്ന പ്രാർത്ഥനാ ബുക്കുകൾ പുതുക്കുകയും പഴയവ മാറ്റി പുതിയവ വയ്ക്കുകയും ചെയ്തു.

**സൗത്താളിലെ ത്രൈമാസ പ്രാർത്ഥന**

ഗുരുപൂജ പ്രാർത്ഥനാ ഗായകർ : ശ്രീമതി റീന പ്രസാദ് ശ്രീമതി ബിന്ദുജോയി,
ശ്രീമതി ബിന്ദു സജീവ്

**ജനുവരി 2014 മുതൽ ഒക്ടോബർ 2014 വരെയുള്ള**

**ഗുരുപൂജയുടെ സ്പോൺസർമാർ :-**

19.11.2014 ഡോ. സുരേഷ് തങ്കപ്പൻ (Hayes, Middlesex, UB3 3AJ)

22.4.2014 സമൂഹ പൂജ :- പൂജയ്ക്കുള്ള പൂക്കൾ സ്പോൺസർ ചെയ്തത്
ശ്രീമതി ജീജ മാധവൻ, സൗത്ത് ഹാൾ.
ഹാളിന്റെ വാടകസ്പോൺസർ ചെയ്ത് : ശ്രീമതി റീന പ്രസാദ് സൗത്ത്ഹാൾ

27.7.2014 സമൂഹ പൂജ : ശ്രീ&ശ്രീമതി സത്യദേവൻ Slough (ഹാൾ വാടക സംഭാവന)

19.10.2014 സമൂഹ പൂജ : ഗുരുപൂജയ്ക്ക് ഭക്ഷണം സ്പോൺസർ ചെയ്തത് :
ശ്രീ അജിത് കുമാർ (High Waycombe)

മാസപ്രാർത്ഥന ഒരു വിജയമാക്കുന്നതിന് സഹായിച്ച സ്പോൺസർമാരെയും മറ്റ് വോളണ്ടിയർമാരെയും നന്ദി അറിയിക്കുന്നു.

**1.2 പ്രത്യേക പ്രാർത്ഥനകൾ**

ശ്രീ നാരായണ ഗുരുജയന്തി, ഗുരുസമാധി, ചട്ടമ്പിസ്വാമി ജയന്തി, ശ്രീകൃഷ്ണ ജയന്തി, വിജയദശമി (വിദ്യാരംഭം), പുതുവർഷം, ശിവരാത്രി എന്നീ വിശേഷ ദിവസങ്ങളിൽ മുൻവർഷങ്ങളിലേതുപോലെ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയുണ്ടായി. മിഷൻസെന്ററിൽ നടന്ന ഗുരുജയന്തി ദിനം സ്പോൺസർ ചെയ്ത ശശിധരനും കുടുംബത്തിനും പ്രത്യേക നന്ദി. കഴിഞ്ഞ കുറേ വർഷങ്ങളായി ശിവരാത്രി പൂജ സ്പോൺസർ ചെയുന്നത് ശ്രീ ജി. സുരേഷ് കുമാറാണ് (തമ്പി).

**1.2.1 ഗുരുസമാദി ദിനം 2014 (ഗുരു ദിവംഗതനായ ദിനം)**

2014 സെപ്റ്റംബർ 21 ന് മിഷൻ സെന്ററിൽ വച്ച് മുൻ വർഷങ്ങളിലേതുപോലെ രാവിലെ 10 മണിക്കും, ക്രോയ്ഡൺ സെന്ററിലെ കോർണർ സ്റ്റോൺ ഹൗസിൽ വച്ച് വൈകിട്ട് 4 മണിക്കും പ്രത്യേക പ്രാർത്ഥനായോഗം നടത്തി. പരമ്പരാഗത രീതിയിലുള്ള കഞ്ഞിയും (Rice Soup) ഉണ്ടായിരുന്നു. ശ്രീ ശ്രീധരനും കുടുബവും (Selsdon Road, East Ham) ആണ് ഈസ്റ്റാം സെന്ററിലെ പ്രാർത്ഥനകൾ സ്പോൺസർ ചെയ്തത്. ആചടങ്ങിൽ പങ്കെടുക്കുകയും വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്ത എല്ലാവർക്കും നന്ദി.

**1.2.2. വിജയദശമി ദിനം (വിദ്യാരംഭം) - വിദ്യാഭ്യാസത്തിന് ആരംഭം കുറിക്കുന്ന ചടങ്ങ്**

അന്നേ ദിവസം 'പൂജ എടുപ്പ്' ചടങ്ങിനൊപ്പം സരസ്വതി പൂജയും നടത്തി. 2014 ഒക്ടോബർ 3ന് രാവിലെ 10 മണിക്ക് ഈസ്റ്റാമിലെ മിഷൻ സെന്ററിലെ പ്രാർത്ഥനാ മുറിയിൽ വച്ച് വിജയ ദശമി പൂജ (വിദ്യാരംഭം) നടത്തി. ഒരു ഗുരുവിന്റെ സ്ഥാനത്തു നിന്നു കൊണ്ട് ഈ ചടങ്ങിന് നേതൃത്വം നൽകിയ സ്വാമി തന്മയയോടുള്ള നന്ദി ഞങ്ങൾ അറിയിക്കുന്നു.

**1.3 ലൈബ്രറി സേവനം**

ഗുരുധർമ്മ പ്രചാരണാർത്ഥം അംഗങ്ങൾക്കും മറ്റുള്ളവർക്കുമായി മിഷൻ ഒരു ലൈബ്രറി സേവനം നടത്തുന്നു. ഇവിടെ പല വിധത്തിലുള്ള പഠനസാമഗ്രികൾ സജ്ജീകരിച്ചിട്ടുണ്ട്.

**1.4 ദൈനംദിന പ്രാർത്ഥനാ സേവനങ്ങൾ**

ശ്രീ സത്യസന്ധൻ, ശ്രീ. പുരുഷോത്തമൻ, ശ്രീ. ആർ നടരാജൻ എന്നിവരുടെ സഹായത്തോടെ ശ്രീ ജയദേവൻ നയിക്കുന്ന പ്രതിദിന പ്രാർത്ഥനകൾ വൈകുന്നേരം 6.30 മുതൽ 7.30 വരെ നടക്കുന്നു. അവരുടെ പരിശ്രമങ്ങളും സംഭാവനകളും മികച്ചതാണ്.

- ശ്രീമതി പുഷ്കാസും കുടുംബവും (എല്ലാമാസവും രണ്ടാമത്തെ ഞായറാഴ്ച്ച മിഷൻ സെന്ററിൽ വച്ച് നടക്കുന്ന സായാഹ്ന പ്രാർത്ഥന)
- ശ്രീമതി അംബിക മാധവൻ (എല്ലാമാസവും മൂന്നാമത്തെ ഞായറാഴ്ച മിഷൻസെന്ററിൽ വച്ച് നടക്കുന്ന പ്രത്യേക പ്രാർത്ഥനകൾ) എന്നീ സ്പോൺസർമാരെ നന്ദിയോടെ ഓർക്കുന്നു.

എല്ലാ മാസവും നാലാമത്തെ ഞായറാഴ്ച്ച രാവിലെ 10 മണിക്ക് മിഷൻ സെന്ററിൽ വെച്ച് വനിതാ ഫോറം നയിക്കുന്ന പ്രഭാതപ്രാർത്ഥന മുടക്കംകുടാതെ നടത്തിവരുന്നു.

## 2. വിദ്യാഭ്യാസസേവനം

ചെയർപേഴ്സൺ : ശ്രീ. ജ്യോതി പ്രകാശ് നാരായണൻ

വൈസ് ചെയർ : ശ്രീമതി. അനി രാജേന്ദ്രൻ

പ്രിൻസിപ്പാൾ : ഡോ. ജെ. സോളങ്കി BSc (Hons), MSc, PhD, PGCE

ഉപസമിതി അംഗങ്ങൾ : ശ്രീ. മുരളീധരൻ വി., ശ്രീ. സജീവ്, ശ്രീ. സരസൻ വി., ശ്രീ. വിനോദ്ബാബു ആർ., ശ്രീ. കിഷോർകുമാർ, ശ്രീ. സുരേഷ് ധർമ്മരാജൻ.

വോളണ്ടറി അഡ്മിനിസ്ട്രേറ്റേഴ്സ് : സോണിയ ഭാസ്കരൻ, റിസാ ധർമ്മരാജൻ, ശ്രവ്യ അനിൽകുമാർ

പ്രാദേശിക സമുദായത്തിന് കുറഞ്ഞ നിരക്കിൽ അനുബന്ധ വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് ശ്രീ നാരായണ ഗുരു മിഷന്റെ ഒരു പ്രധാന സേവനം. ആത്മാർത്ഥതയുള്ളവരും കഠിനാദ്ധ്വാനികളുമായ നമ്മുടെ സന്നദ്ധപ്രവർത്തകർ ഇത് വളരെ നല്ലരീതിയിൽ നടപ്പിലാക്കുന്നു. അനുഭവസമ്പന്നരായ അദ്ധ്യാപകരാണ് ഓരോ വിഷയങ്ങളും പഠിപ്പിച്ചത്. ഈ മേഖലയിൽ നമുക്ക് 20 വർഷത്തെ പ്രവർത്തന പരിചയമുള്ളതുകൊണ്ട് ഉന്നത നിലവാരം കാത്തു സൂക്ഷിക്കുന്നു. തികച്ചും സൗഹൃദപരമായ രീതിയിൽ, പഠിതാവിന് കൂടുതൽ ഗൃഹപാഠം

ചെയ്യുന്നതിന്നും, രക്ഷിതാക്കൾക്ക് ആഴ്ചയിലെ പുരോഗതി മനസ്സിലാക്കുന്നതിനും, ഈ സമീപനം സഹായകരമാണ്. ഈസ്റ്റാമിലും ക്രോയ്ഡണിലുമായി നമുക്ക് രണ്ട് അനുബന്ധ വിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ട്.

ശരിയായ മാർഗ്ഗനിർദ്ദേശവും പ്രചോദനവും നൽകി ഓരോ കുട്ടിയെയും പഠനത്തോട് ക്രിയാത്മക സമീപനമുള്ള  മികച്ച പഠിതാവായി മാറ്റുന്നതിന് ശ്രീനാരായണഗുരു മിഷൻ സെന്ററിൽ ഉയർന്ന വിദ്യാഭ്യാസവും ആത്മാർത്ഥയുമുള്ള അദ്ധ്യാപകർ ഉണ്ടെന്ന് പറയുന്നതിൽ അഭിമാനമുണ്ട്.

**2.1. ഈസ്റ്റാമിലെ അനുബന്ധ വിദ്യാഭ്യാസ കേന്ദ്രം**

ശനിയാഴ്ചകളിൽ രാവിലെ 9 മുതൽ വൈകിട്ട് 3 വരെയാണ് മിഷൻസെന്ററിലെ അനുബന്ധ വിദ്യാഭ്യാസ കേന്ദ്രം പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ വർഷം മുഴുവൻ നമ്മുടെ പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽ നിന്ന് പലപ്രായത്തിലുള്ളവർക്ക് പഠനപിന്തുണ കൊടുക്കുന്നതിനാണ് ഈ വിദ്യാഭ്യാസകേന്ദ്രം ശ്രദ്ധപതിപ്പിക്കുന്നത്. ഈസ്റ്റാമിൽ പഠിപ്പിക്കുന്ന പ്രധാന വിഷയങ്ങൾ :-

ഡോ. ജെ. സോളങ്കി BSc (Hons), MSc, PhD, PGCE - കണക്ക്
തോമസ് ഗൗൾഡ് BA (Hons), PGCE - ഇംഗ്ലീഷ്
മാത്യൂസ് ജോൺ BSc (Hons), PGCE - സയൻസ്
ജാസിന്റാ ജോസഫ് BA (Hons), PGCE - ഇംഗ്ലീഷ്
ഡാനിയേൽ സത്യമൂർത്തി BSc (Hons), PGCE - കണക്ക്
ഡേവിഡ് രാജ് BSc (Hons), PGCE - സയൻസ്
മോഹിനി സോളങ്കി സിംഗ് BSc (Hons), PGCE - സയൻസ് & കണക്ക്
അനിത സോളങ്കി സിംഗ് BSc (Hons), PGCE - ജൂനിയർ ക്ലാസ്സുകൾ

ശനിയാഴ്ചകളിൽ മിഷൻ സെന്ററിൽ അനുബന്ധ വിദ്യാഭ്യാസകേന്ദ്രം നടത്തുന്നതിന് പ്രധാനപങ്ക് വഹിക്കുന്ന വിദ്യാഭ്യാസ കേന്ദ്ര നടത്തിപ്പുകാർക്ക് നന്ദി.

**ഉയർന്ന നേട്ടങ്ങൾ കരസ്ഥമാക്കിയവർ**

2013/2014 വിദ്യാഭ്യാസ വർഷത്തിൽ ഉയർന്ന നേട്ടം കരസ്ഥമാക്കിയ SNGM, GCSE വിദ്യാർത്ഥികളായ താരാവിശ്വംഭരൻ, ഹരിൻ വിനുമോൻ, നിധീഷ് ജെയ്ൻ എന്നിവർക്ക് 2014 സെപ്റ്റംബറിൽ ഗുരുജയന്തി ആഘോഷ ചടങ്ങിൽ വച്ച് ഇവരുടെ നേട്ടത്തിനുള്ള സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും സമ്മാനിച്ചു.

**2.2 ക്രോയഡണിലെ അനുബന്ധ വിദ്യാഭ്യാസ കേന്ദ്രം**

ഞായറാഴ്ചകളിൽ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണിവരെ വില്ലീസ് റോഡിലുള്ള സിവിഎയുടെ കോർണർ സ്റ്റോൺ ഹൗസിൽ, ക്രോയ്ഡണിലെ അനുബന്ധ വിദ്യാഭ്യാസ കേന്ദ്രം പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ വർഷം മുഴുവൻ നമ്മുടെ പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽ നിന്ന് പല പ്രായത്തിലുള്ളവർക്ക് പഠന പിന്തുണ കൊടുക്കുന്നു. ഓരോ കുട്ടിയെയും അവരുടെ കഴിവിനപ്പുറം പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ലക്ഷ്യം.

ഇവിടെ നൽകുന്ന സേവനങ്ങൾ:-

- കണക്കിനും സയൻസിനും ഇംഗ്ലീഷ് വിഷയങ്ങൾക്കും പരിശീലനം നൽകുന്നു.
- അത്യുത്സാഹവും ആത്മവിശ്വാസവും പഠനത്തോടുള്ള താൽപര്യവും ഉണ്ടാക്കിയെടുക്കുന്നു.
- വിദ്യാർത്ഥികളുടെ പുരോഗതി വിലയിരുത്താൻ പതിവായി പരീക്ഷകളും മൂല്യ നിർണ്ണയ റിപ്പോർട്ടുകളും നൽകുന്നു.
- വിദ്യാർത്ഥികളുടെ പുരോഗതി മാതാപിതാക്കളും അദ്ധ്യാപകരും ഒരുമിച്ച് അവലോകനം ചെയ്യുന്നു.
- സർവ്വകലാശാല വിദ്യാർത്ഥികളുടെ സഹായത്തോടെ സൗജന്യ അഭിമുഖവും UCAS Personal സ്റ്റേറ്റ്മെന്റും (മെയ് മുതൽ സെപ്റ്റബർവരെ, 12, 13 വർഷക്കാർക്കുവേണ്ടിയാണ് ഇത്)
- GCSE/ A level options തെരഞ്ഞെടുക്കുന്നതിന് സൗജന്യ നിർദ്ദേശവും പിന്തുണയും
- കുട്ടികളുടെ ഏതു ആവശ്യവും പരിഹരിക്കുന്നതിന് വോളണ്ടിയർമാരുമായി സംസാരിക്കാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്.
- വ്യക്തിത്വ വികസനത്തിന്റെ ഭാഗമായി പ്രസക്തമായ വിഷയങ്ങളിൽ സംവാദങ്ങൾ എല്ലാ പ്രായക്കാർക്കുമായി നടത്തുന്നു.

ഉത്സാഹവും ആത്മാർത്ഥതയുമുള്ള വോളണ്ടിയർമാരുടെ സഹായത്തോടെ ശ്രീമതി അനി രാജേന്ദ്രൻ ആണ് സെന്റർ നയിക്കുന്നത്.

**മാനേജ്മെന്റ്/ ഭരണസമിതി/ മറ്റ്സ്റ്റാഫുകൾ**

ശ്രീമതി. അനി രാജേന്ദ്രൻ, ശ്രീ. സജീവ് ദിവാകരൻ, ശ്രീ. കിഷോർ കുമാർ, ശ്രീ. സുരേഷ് ധർമ്മരാജൻ, ശ്രീമതി. സുജ ഗോപിനാഥൻ,  ശ്രീമതി സാൻഡി നടരാജൻ, ശ്രീമതി ലതികാ സുഗതൻ, ശ്രീമതി രാജലക്ഷ്മി വിമൽ.

**സെക്കന്ററി സ്കൂൾ ടീച്ചേഴ്സ്**

ശ്രീമതി. വൈശാലി ബാലൻ MSc PGCE (സയൻസ്)
ശ്രീമതി. നയന പ്രദീപ് കുമാർ MSc PGCE - സയൻസ്
Miss. Jiaqi Song - MSc - Maths
Mrs. Peta Lewinson - Maths supply teacher - MSc PGCE
ശ്രീമതി. നതാഷ ഷീന ചാൻ (English - PGCE - Primary, MA - Education)

**KS2 Teachers**
Ms. Grace Ardley (Junior Teacher - Broadmead Junior School, Croydon)
Ms. Elaine Ardley (Junior Teacher - Beulah Primary School, Croydon)
**യൂത്ത് വോളന്റിയേഴ്സ് (12-20 വയസ്സ്)**
ശ്രീ. അർജുൻ ദിവാകരൻ - Head of the Youth Volunteers/ Supply Teacher/ University Advisor
കുമാരി. നിവാ രാജേന്ദ്രൻ - Supply/ Extra Support Class Teacher/ Children Welfare
ശ്രീ. രാഘുൽ രാജേന്ദ്രൻ - One to One Teacher, for kids who requires extra support/ Finance
ശ്രീ. വിഷ്ണു ദിവാകരൻ - Teaching Assistant and Fund Raising Consultant

അർജുൻ ദിവാകരൻ നിവരാജേന്ദ്രൻ, രാഹുൽ രാജേന്ദ്രൻ, വിഷ്ണു ദിവാകരൻ എന്നിവരുടെ സന്നദ്ധ പ്രവർത്തനങ്ങൾക്കും പിന്തുണയ്ക്കും മിഷന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. ഇവരുടെ സഹായമില്ലായിരുന്നു എങ്കിൽ സെന്ററിന്റെ പ്രവർത്തനം സുഗമമാവുകയില്ലായിരുന്നു. ജൂനിയർ വിദ്യാർത്ഥികൾക്കായി സൗജന്യ പ്രസന്റേഷനും പ്രസംഗ പരിശീലനവും നൽകിയ സുജ ഗോപിനാഥന്റെ പരിശ്രമങ്ങൾക്ക് പ്രത്യേക നന്ദി അറിയിക്കുന്നു. സൗജന്യ മലയാളം ക്ലാസ്സുകൾ എടുത്ത ശ്രീലത ശശികരന് നന്ദി അറിയിക്കുന്നു.

**3. സാമൂഹ്യ, കലാ, സാംസ്കാരിക ഉപസമിതികൾ**
ചെയർ പേഴ്സൺ : ശ്രീ. സദാനന്ദൻ സുരേഷ്
വൈസ് ചെയർ : ശ്രീമതി. ബീന പുഷ്കാസ്
ഉപസമിതി അംഗങ്ങൾ : ശ്രീ. ഗിരിധരൻ വിദ്യാധരൻ, ശ്രീമതി. ലീന സലിം, ശ്രീ. സുരേഷ്കുമാർ (തമ്പി), ശ്രീ. കീർത്തി സോമരാജൻ, ശ്രീ. ബൈജു ശാന്തശീലൻ, ശ്രീ. ശശി എസ്. കുളമുട, ശ്രീമതി. ഗീജ ശ്രീലാൽ.

കലാസാംസ്കാരിക സാമൂഹ്യ കൂട്ടായ്മ കഴിഞ്ഞ നാളുകളിൽ പ്രധാനപ്പെട്ട മുഴുവൻ സന്ദർഭങ്ങളിലും സർഗാത്മകമായ പരിപാടികൾ അവതരിപ്പിച്ചു. ഗുരുപ്രഭയുടെ പുനരാരംഭം, യുഗപുരുഷൻ സിനിമയെപ്പറ്റിയുള്ള ചർച്ച, സാഹിത്യ സംഗമം, ഗുരുജയന്തിക്കും ക്രിസ്മസ് ആഘോഷങ്ങൾക്കും ഗുരുപ്രഭ അവതരിപ്പിച്ച നാടകങ്ങൾ, ഡോ. പൽപുവിന്റെ ജന്മദിനാഘോഷത്തിന് നടത്തിയ തൊഴിൽ സെമിനാർ എന്നിങ്ങനെ വർഷം മുഴുവൻ എല്ലായ്പ്പോഴും പരിപാടികൾ ഉണ്ടായിരുന്നു.

മിഷന്റെ സ്ഥാപക കമ്മിറ്റിമാരിലൊരാളും മുൻ പ്രസിഡന്റും സെക്രട്ടറിയുമായിരുന്ന ശ്രീ വി. മുരളീധരൻ കർട്ടൻ ഉയർത്തി കൊണ്ട് ഗുരുപ്രഭ കലാസമിതിയുടെയും നാടകത്തിന്റെയും ഉൽഘാടനം നിർവ്വഹിച്ചു. വ്യത്യസ്തമായ കലാപരിപാടികൾ കാണികൾ ആസ്വദിച്ചു. കേരള കലാ സാഹിത്യ സംഘടന അവതരിപ്പിച്ച ഡോ. ഗോപാലകൃഷ്ണൻ നെട്ടുവേലി എഴുതിയ "രാമന്റെ പുനർ നിർമ്മിതി" എന്ന നാടകമായിരുന്നു പരിപാടിയുടെ മുഖ്യ ആകർഷണം. സ്ത്രീകളോടുള്ള പുരുഷന്മാരുടെ സമീപനത്തെപ്പറ്റിയുള്ള ഗൗരവമായ ഒരു കാഴ്ചപ്പാടായിരുന്നു നാടകം തികഞ്ഞ ആകാംക്ഷയോടെയാണ് സദസ്യർ നാടകം സ്വീകരിച്ചത്.

ഈസ്റ്റാം സെന്ററിൽ ശ്രീനാരായണ ഗുരുവിന്റെ ജീവിതത്തെയും കൃതികളെയും പറ്റി പ്രതിപാദിക്കുന്ന 'യുഗപുരുഷൻ' എന്ന സിനിമ പ്രദർശിപ്പിച്ചു, ചർച്ചനടത്തി. എൺപതോളം ആളുകൾ പങ്കെടുത്ത പ്രദർശനത്തിനു ശേഷം ചിത്രത്തിന്റെ സംവിധായകൻ ആർ. സുകുമാരൻ അഭിമുഖത്തിലും ചർച്ചയിലും പങ്കെടുത്തു. ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും സിനിമയെപ്പറ്റി സംവിധായകനുമായി സംസാരിക്കാനുള്ള അവസരം ലഭിക്കുകയുമുണ്ടായി. ചർച്ച എല്ലാവർക്കും സ്വീകാര്യമാവുകയും ചെയ്തു. ഇത് വാർത്താ മാധ്യമങ്ങളിൽ വളരെയധികം ഇടം നേടി. ഗുരുവിനെപ്പറ്റി കുടുതലായി അറിവില്ലാതിരുന്ന ആളുകൾക്കുപോലും ഈ പരിപാടിയിൽ പങ്കെടുത്തശേഷം ഗുരുദേവനെപ്പറ്റി വ്യക്തമായ ചിത്രം ലഭിക്കുകയുണ്ടായി.

നോബൽ സമ്മാന ജേതാവും അന്താരാഷ്ട്ര പ്രസിദ്ധ എഴുത്തുകാരനുമായ ഗബ്രിയേൽ ഗാർസിയ മാർകേസിന് കലാസമിതി ശ്രദ്ധാഞ്ജലി അർപ്പിച്ചു. മാർകേസിനെക്കുറിച്ചുള്ള പഠനങ്ങളും തയ്യാറാക്കി അവതരിപ്പിക്കുകയുണ്ടായി. ഈ പരിപാടിക്ക് മികച്ച പ്രതികരണങ്ങൾ ലഭിക്കുകയും ഇത്തരം പരിപാടികൾ ഇനിയും സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ക്രോയ്ഡണിൽ അവതരിപ്പിച്ച "ശ്രീ നാരായണ ഗുരുദേവൻ" എന്ന നാടകം ഒരു വൻ വിജയമായിരുന്നു. മൊഹാദ് വെമ്പായം എഴുതിയ നാടകം സംവിധാനം ചെയ്തത് വിജയകുമാർ, നാരായണൻ, അഭിലാഷ് എന്നിവരാണ്. സംവിധായകരെ കൂടാതെ കൊ-ഓർഡിനേറ്റർ പ്രസാദ് മണമ്പൂർ, ക്രോയഡൺ ടീം എന്നിവരും ഈ വിജയത്തിന് പ്രശംസ അർഹിക്കുന്നു. "അത്യുഗ്രൻ" എന്നാണ് സ്വാമി തന്മയ ഈ നാടകം കണ്ടുകഴിഞ്ഞ് അഭിപ്രയപ്പെട്ടത്.

ഇന്ത്യൻ വർക്കേഴ്സ് അസോസിയേഷന്റെ സഹായത്തോടെയാണ് എപ്ലോയ്മെന്റ് സെമിനാർ സംഘടിപ്പികുന്നത് തൊഴിൽ നിയമങ്ങളിൽ വിദഗ്ദനായ നിയമജ്ഞൻ ബൈജുവർക്കി തിറ്റാല, ഈ വിഷയം വിശദമായി അവതരിപ്പിക്കുകയും ആളുകളുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. ഈ പരിപാടിക്കു മികച്ച പ്രതികരണങ്ങൾ ലഭിച്ചു, മാത്രമല്ല വീണ്ടും സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ഉണ്ടായി.

ക്രിസ്മസ് അഘോഷങ്ങൾ വളരെയധികം ആകർഷകമായ പരിപാടികളാൽ സമ്പന്നമായിരുന്നു. സതീഷ് കുമാർ എഴുതി സംവിധാനം ചെയ്ത ലഘുനാടകം (യേശുക്രിസ്തുവിനെ ആസ്പദമാക്കി) കാണികൾ മികച്ച രീതിയിൽ സ്വീകരിക്കുകയും, ജനുവരിയിൽ ബേസിൽഡണിൽ പ്രേക്ഷകർക്കു വേണ്ടി രണ്ടാമതും അവതരിപ്പിക്കുകയുമുണ്ടായി. ഗിരിലാൽ, വീണ വിനോദ്ബാബു എന്നിവരുടെ സഹായത്തോടെ ലീന സലിം ആണ് കുട്ടികളുടെ ക്രിസ്മസ് പാർട്ടി ഭംഗിയായും ആസ്വാദ്യകരമായും സംഘടിപ്പിച്ചത്.

ഒരു ഗ്രാമത്തിൽ നിന്നും കേരളത്തിനു പുറത്തേക്കും ഗുരുവിന്റെ മഹത്വം വ്യാപിക്കുവാൻ മുൻകൈയെടുത്ത വ്യക്തിയായ ഡോ പൽപ്പുവിനെ സംബന്ധിച്ച ആഘോഷങ്ങൾ വളരെ അർത്ഥവത്തായി. മുതിർന്ന പത്രപ്രവർത്തകൻ പി. സുജാതനും സ്വാമി തന്മയയുമായിരുന്നു പ്രധാന പ്രാസംഗികർ. ഡോ. പൽപ്പുവിന്റെ ജീവിതത്തെ ആസ്പദമാക്കി ശ്രീ നാരായണ ഗുരു മിഷൻ നടത്തിയ ആദ്യത്തെ പരിപാടിയായിരുന്നു ജിഡിപി ഗ്രൂപ്പുമായി ചേർന്ന് സംഘടിപ്പിച്ച ഈ പ്രോഗ്രാം.

ശശികുമാരി ജ്യോതിപ്രകാശിനും ശാലി ഗിരിലാലിനും നന്ദി പറയാൻ ഈ സന്ദർഭം ഉപയോഗിക്കുന്നു.

**31. ഗുരുജയന്തിയും ഓണസദ്യയും**

ഗുരുജയന്തിക്കും ഓണസദ്യക്കും വേണ്ടി രൂപീകരിച്ച പ്രത്യേക ഉപസമിതിയുടെ സെക്രട്ടറി ശ്രീ ജി. സുരേഷ് കുമാറിന്റ (തമ്പി) നേതൃത്വത്തിൽ മൂന്ന് സെന്ററുകളിലും ഓണസദ്യയും, ക്രോയ്ഡൺ സെന്ററിൽ ഈ വർഷത്തെ ഏറ്റവും പ്രധാനപരിപാടിയായ ഗുരുജയന്തി ആഘോഷവും നടത്തപ്പെട്ടു. ഇവരുടെ ആത്മാർത്ഥതയുടെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായാണ് ഈ പരിപാടികൾ ഇത്രയും ഭംഗിയായി നടപ്പാക്കാൻ കഴിഞ്ഞത്.

ഈ കമ്മിറ്റിയിലെ അംഗങ്ങൾ.

ചെയർമാൻ : ശ്രീ ജി സുരേഷ് കുമാർ

**വൈസ് ചെയർമാൻ 1** : ശ്രീ. ടി. കിഷോർകുമാർ (ക്രോയ്ഡൺ) – സജീവ് ദിവാകൻ, സുരേഷ് ധർമ്മജൻ, അനി രാജേന്ദ്രൻ എന്നിവരുടെ പിന്തുണയോടെ ക്രോയ്ഡണിൽ വച്ച് നടന്ന 2014 ലെ ഗുരു ജയന്തി ആഘോഷത്തിന്റെയും ഓണസദ്യയുടെയും മുഖ്യസംഘാടകൻ

**വൈസ് ചെയർമാൻ 2** : ശ്രീ തങ്കരാജ് (സൗത്താൾ) – ശ്രീ ഷാജിയുടെയും ശ്രീ മണിലാലിന്റെയും പിന്തുണയോടെ സൗത്ത് ഹാൾസെന്ററിൽ വച്ച് നടന്ന ഓണസദ്യയുടെയും ഓണാഘോഷത്തിന്റെയും മുഖ്യ സംഘാടകൻ

**വൈസ് ചെയർമാൻ 3** : ശ്രീ. പി. അരുൺ (ഈസ്റ്റാം) – ശ്രീമതി. സുധാ എസ്., ശ്രീമതി. വൽസമ്മ ടി., ശ്രീമതി. ലീന സലിം, ശ്രീമതി. സ്വയംപ്രഭ പി., ശ്രീമതി. ബീന പുഷ്കാസ്, ശ്രീ. ടി.ജി ശശിധരൻ, ശ്രീ. സതീഷ്കുമാർ, ശ്രീമതി. രാജേശ്വരി സദാശിവൻ, ശ്രീ. ശ്രീകുമാർ ഭാസ്കരൻ, ശ്രീ. ഗിരിധരൻ വി., ശ്രീ. വിനോദ് ബാബു, ശ്രീ. ജ്യോതിപ്രകാശ് നാരായണൻ, ശ്രീ. സുരേഷ് ധർമ്മരാജൻ, ശ്രീമതി. ഗീജ ശ്രീലാൽ എന്നിവരുടെ സഹായത്തോടെ ഈസ്റ്റ്ഹാം സെന്ററിലെ ഓണസദ്യയുടെ മുഖ്യ സംഘാടകൻ.

**3.1.1 2014 സെപ്റ്റംബർ 13 ന് ക്രോയ്ഡണിൽ വച്ച് നടന്ന ഗുരു ജയന്തി ആഘോഷങ്ങൾ**

സെപ്റ്റംബർ 13 ന് ക്രോയ്ഡണിലെ ആർച്ച്ബിഷപ്പ് ലാൻഫ്രാങ്ക് സ്കൂളിൽ വെച്ച് ഓണസദ്യയ്ക്ക് ശേഷം സംഘടനയുടെ ഏറ്റവും പ്രാധാന പരിപാടിയായ ശ്രീനാരായണ ഗുരുജയന്തി വിപുലമായി ആഘോഷിച്ചു. നമ്മുടെ വിശിഷ്ട അതിഥികൾക്കൊപ്പം സ്വാമി തന്മയയും ഈ വർഷത്തെ ആഘോഷത്തെ അനുഗ്രഹിക്കാൻ ഉണ്ടായിരുന്നത് സന്തോഷപ്രദമായി. സായാഹ്നപരിപാടിയിൽ പാട്ട്, ചെണ്ടമേളം, കോമഡി, നാടകങ്ങൾ തുടങ്ങിയവ പ്രാദേശിക കലാകാരന്മാരുടെ സഹായത്തോടെ അരങ്ങേറിയത് സദസ്യരെ ആഹ്ലാദിപ്പിച്ചു. അംഗങ്ങളുടെയും മിഷനെ പിന്തുണയ്ക്കുന്നവരുടെയും ധാർമ്മികവും സാമ്പത്തികപരവുമായ സഹായം ഈ ചടങ്ങിനെ ഓർമ്മയിൽ തങ്ങി നിൽക്കുന്ന ഒരു പരിപാടിയാക്കി മാറ്റി. ആഘോഷങ്ങൾക്കായി ക്രോയ്ഡണിലെ ആർച്ച്ബിഷപ്പ് ലാൻഫ്രാങ്ക് സ്കുൾ തെരഞ്ഞെടുത്തതിനാൽ ശിവഗിരിയിലേതു പോലെതന്നെ വഴിയും ഹാളിലേക്കുള്ള പ്രവേശനകവാടവും തികച്ചും കേരളിയമായ രീതിയിൽ വർണാഭമായ മുത്തുക്കുടകളും മഞ്ഞ കൊടികളും കൊണ്ട് അലങ്കരിക്കുവാൻ സാധിച്ചു. പരിപാടിക്ക് മുൻപേ തന്നെ കേരളത്തിൽ നിന്നും ഈ അലങ്കാരങ്ങൾ എത്തിച്ച സന്നദ്ധ പ്രവർത്തകർക്ക് ഞങ്ങൾ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

സ്വാമി തന്മയ, ശ്രീമതിമാരായ വിലാസിനി ഭാനു, ഭാമ, തുളസിദരൻ, വിലാസിനി കരുണാകരൻ, ശ്രീദേവി ധർമ്മജൻ എന്നിവർ ചേർന്ന് ദീപം തെളിയിച്ചു കൊണ്ടാണ് ഗുരുജയന്തി ആഘോഷങ്ങൾക്ക് തുടക്കമായത് പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുത്തത് ശ്രീമതി പ്രിയ ബസന്താണ്. പരിപാടിയുടെ അവതാരകർ ഐമി അജികുമാർ, നിവ രാജേന്ദ്രൻ, അർജുൻ ദിവാകരൻ എന്നിവരായിരുന്നു. ദിവ്യതങ്കരാജിന്റെ ഭരതനാട്യത്തോടെയാണ് സായാഹ്നപരിപാടികൾക്ക് തുടക്കമായത്. അനേഖ പിള്ള, അലീഷ പിള്ള, ഡാനിയേലസാക്ക് വർഗീസ്, മിതു സുമേഷ്കുമാർ എന്നിവർ ചേർന്നവതരിപ്പിച്ച ഭരതനാട്യം, ഗ്രൂപ്പ് ഡാൻസും പിന്നീട് അരങ്ങേറി. തിരുവാതിര, കൃഷ് ഗ്രൂപ്പ് അവതരിപ്പിച്ച സിനിമാറ്റിക് ഡാൻസ് (കടപ്പാട് കെസിഡബ്യുഎ), സൗമ്യയും ഗ്രൂപ്പും സംവിധാനം ചെയ്ത് ശ്രീ നാരായണ ഗുരു മിഷൻ അവതരിപ്പിച്ച ദന്ത്യ ഡാൻസ്, ശാലിനി ശിവകുമാറിന്റെ മോഹിനിയാട്ടം, ഫ്യൂഷൻ ഡാൻസ് (കടപ്പാട്- സംഗീത ഓഫ് ദി യു.കെ), പൂജ പ്രകാശും സുഷ്മി പിള്ളയും ചേർന്ന അവതരിപ്പിച്ച വീണവായന, സംഗീത ഓഫ് ദി യുകെയുടെ ചെണ്ടമേളം തുടങ്ങിയവ ചടങ്ങിന് വൈവിദ്ധ്യമേകി. സമാധാനത്തോയും ഐക്യത്തോടും കൂടി ഒന്നായി ജീവിക്കുന്നതിന് നമ്മുടെ ജീവിതത്തിൽ ഗുരുദേവനുള്ള സ്വാധീനം വിശദമാക്കുന്ന ലഘുനാടകം കൊണ്ട് ക്രോയ്ഡണിലെ യൂത്ത് ഗ്രൂപ്പ് കാണികളെ അഹ്ലാദിപ്പിച്ചു. ഉദയാനടരാജൻ, ലിസ ശിവകുമാർ, യാഷ് അശോകൻ, വിഷ്ണു ദിവാകരൻ, രാഹുൽ രാജേന്ദ്രൻ എന്നിവർ കഥാപാത്രങ്ങളെ അവതരിപ്പിച്ച നാടകത്തിന്റെ വിവരണം നടത്തിയത് അർജ്ജുൻ ദിവാകരനാണ്, ബൈജു ശാന്തശീലൻ, കീർത്തി സോമരാജൻ, മധുപിള്ള, സതീഷ്കുമാർ, അജിത് ലക്ഷമണൻ, സുരേഷ് ഗംഗാധരൻ എന്നിവർ ചേർന്നവതരിപ്പിച്ച ഒരു കോമഡി സ്കിറ്റും ഉണ്ടായിരുന്നു. ശ്രീ സുധീഷ്, കുമാരി ജയലക്ഷ്മി, ശ്രീമതി ശ്രേയാസുനിൽ എന്നിവരുടെ ഗാനങ്ങൾ എല്ലാ പരിപാടികളെയും കോർത്തിണക്കി.

ശ്രീ ജി. ശശികുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ സ്വാമി തന്മയ, ആരാദ്ധ്യയായ ക്രോയ്ഡൺ മേയർ മജ്ജു ഷാഹുൽ ഹമീദ്, സ്റ്റീവ് റീഡ് എം.പി., ജേർണലിസ്റ്റ് ശ്രീ.പി സുജാതൻ എന്നിവർ

വിശിഷ്ടാതിഥികൾ ആയിരുന്നു. ഇന്നത്തെ ലോകത്ത് സാമാധാനവും സഹവർത്തിത്വവും നിലനിൽക്കുന്നതിന് ഗുരുദേവന്റെ വാക്കുകളുടെ പ്രസക്തി എല്ലാ വിശിഷ്ടവ്യക്തികളും എടുത്തുപറഞ്ഞു. മുഴുവൻ സമുദായത്തിനും ഈ ദിവസം ആസ്വാദ്യകരമാക്കുന്നതിൽ ശ്രീ നാരായണ ഗുരു മിഷൻ നടത്തിയ ശ്രമത്തെ എല്ലാവരും ആഭിനന്ദിച്ചു

ഈ വർഷം വിദ്യാഭ്യാസ നേട്ടങ്ങൾ കരസ്ഥമാക്കിയ കുട്ടികൾക്ക് സ്വാമി തന്മയ ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു ജനറൽ സെക്രട്ടറി ശ്രീ പിവി. വിജയന്റ കൃതഞ്ഞതയോടെ പൊതുസമ്മേളനം അവസാനിച്ചു.

ശ്രീ. മണമ്പൂർ പ്രസാദ്, ശ്രീ. ജെ. ജയകുമാർ, ശ്രീ. എം. ബിജു, ശ്രീ. ടി. കിഷോർകുമാർ, ശ്രീ. ഗോപാലകൃഷ്ണൻ, ശ്രീ. വി. ചന്ദ്രബാബു, ശ്രീ. എ. ജയകുമാർ, ശ്രീ. പദ്മകുമാർ, ശ്രീ. നസീർ ബാബു, ശ്രീ. പി. രാംസിംഗ്, ശ്രീ. വി. പ്രകാശ്, ശ്രീ. സുനിൽ കൃഷ്ണൻ, ശ്രീ. ജോഷി സുകുമാരൻ, ശ്രീ. സുരേഷ് ധർമ്മരാജൻ തുടങ്ങി യുകെയിലെ ശ്രീ നാരായണ ഗുരു മിഷന്റെ പ്രാദേശിക അംഗങ്ങളും പിന്തുണനൽകുന്നവരും ആണ് നാടകം സ്പോൺസർ ചെയ്തത്.

ചടങ്ങ് വിജയമാക്കുന്നതിന് പങ്ക് വഹിച്ച കലാകാരന്മാർക്കും സഹായികൾക്കും കൃതജ്ഞത പരഞ്ഞുകൊണ്ട് രാത്രീ 9.30 ന് ഗുരുദേവ ജയന്തിയുടെ ആഘോഷങ്ങൾ സമാപിച്ചു. രംഗത്തിന് പിന്നിൽ നിന്ന് അക്ഷീണമായി ജോലി ചെയ്യുന്ന ആളുകളുടെ കഠിനാദ്ധ്വാനം കൊണ്ട് മാത്രമേ ഒരു സ്റ്റേജ് പ്രോഗ്രാം വിജയകരമായി നടപ്പിലാക്കാൻ കഴിയൂ. ഇന്ദു കിഷോർകുമാർ, അനീഷാ രാംസിങ്ങ് എന്നിവർക്കും അവരുടെ സമർത്ഥമായ പിന്നണി പ്രവർത്തനങ്ങൾക്ക് മിഷന്റെ നന്ദി അറിയിക്കുന്നു.

ഈ വർഷക്കാലം ഗുരുജയന്തി പ്രവർത്തനങ്ങളുടെ വിജയത്തിനായി സാമ്പത്തകമായും ശാരീരികമായും മുന്നിൽനിന്നും പിന്നിൽ നിന്നും നേതൃത്വം നൽകിയ അംഗങ്ങൾക്കും അഭ്യുദയ കാംക്ഷികൾക്കും പ്രാദേശിക ബിസിനസ്സ്കാർക്കും ശ്രീനാരായണ ഗുരു മിഷന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു. ഗുരു ജയന്തി ആഘോഷങ്ങളുടെ വിജയത്തിന് പ്രധാന പങ്കുവഹിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിക്കും, ആന്മാർത്ഥതയുള്ള സന്നദ്ധ പ്രവർത്തകർക്കും നന്ദി അറിയിക്കുന്നു. ഗുരുജയന്തി ആഘോഷങ്ങൾ ഒരു വിജയമാക്കുന്നതിൽ പ്രധാന പങ്കു വഹിച്ച ശ്രീ.ടി കിഷോർ കുമാർ, ശ്രീ സുരേഷ് ധർമ്മരാജൻ എന്നിവരുടെ കഠിനാദ്ധ്വാനവും ആവേശവും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

**3.1.2 2014 സെപ്റ്റംബർ 13 ശനിയാഴ്ച ക്രോയ്ഡണിൽ നടന്ന ഓണസദ്യ**

2014 സെപ്റ്റബൻ 13 ന് ഈ വർഷത്തെ ഓണസദ്യ വിപുലമായ രീതിയിൽ ആർച്ച്ബിഷപ് ലാൻഫ്രങ്ക് സ്കുളിൽ വച്ച് ആഘോഷിച്ചു. സ്വാമിതന്മയ ദീപം തെളിയിച്ചു. തുടർന്ന് പ്രിയാ ബസന്ത് നയിച്ച പ്രാർത്ഥനയ്ക്കുശേഷം ഓണസദ്യ ആരംഭിച്ചു. യുവജന കൂട്ടായ്മ (അനി രാജേന്ദ്രൻ, വിലാസിനി ഭാനു, ബിന്ദു രാഘവൻ എന്നിവരുടെ സഹായത്തോടെ എയ്മി അജികുമാർ, അരുൺ ദിവാകരൻ, നിവാരാജേന്ദ്രൻ, താരാനടരാജൻ, ലക്ഷ്മിരാഘവൻ എന്നിവർ) തയ്യാറാക്കിയ അത്തപ്പൂക്കളവും പ്രദർശിപ്പിച്ചിരുന്നു. ശ്രീമതി രമാമണി, ശ്രീമതി സുഭദ്ര, ശ്രീമതി സുജ എന്നിവരാണ് പൂക്കൾ സംഭാവന ചെയ്തത്. അവർക്ക് നന്ദി അറിയിക്കുന്നു.

വീടില്ലാത്ത 25 പേർക്ക് നൽകിയ സദ്യ ഉൾപ്പെടെ 350 പേർക്ക് നൽകിയ ഭഷണം ലഭ്യമാക്കിയത് അശ്വതി റസ്റ്ററന്റിലെ (Mitcham) ശ്രീ. ഷാജിയാണ്. ഈ പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞവരൊക്കെ പരിപാടിയുടെ ഉദ്ദേശ്യശുദ്ധിയെയും നന്മയെയും അഭിനന്ദിച്ചു. വീടില്ലാത്തവർക്ക് ഒരു നേരത്തെ ഭക്ഷണം നൽകാൻ സുമനസ്സ് കാണിച്ച ശ്രീ. സാബുലാലിന് (താലം പ്രോപ്പർട്ടീസ്സ്) നന്ദിപറയുന്നു. സമുദായ ഐക്യത്തിനു വേണ്ടി മറ്റ് സെന്ററുകൾക്കും മാതൃകയാക്കാവുന്ന വിധത്തിൽ മിഷന്റെ പ്രവർത്തനങ്ങളിലെ ഒരുനാഴികകല്ലായിരുന്നു ഇത്. വളരെ രുചികരവും വിഭവസമൃദ്ധമായ പരമ്പരാഗത കേരളിയ ശൈലിയുള്ള ഓണസദ്യ തയ്യാറാക്കിയത് ശ്രീ സുനിൽ കൃഷ്ണന്റെ നേതൃത്വത്തിൽ ആത്മാർത്ഥമായി പ്രയത്നിച്ചത് ശ്രീമതി. ദേവി സുനിൽ, ശ്രീ. പി. രാംസിംഗ്, ശ്രീമതി. പ്രതിഭ രാംസിംഗ്, ശ്രീമതി. അനീഷ രാംസിംഗ്, ശ്രീ. അരുൺ രാംസിംഗ്, ശ്രീമതി. രേണുക കിഷോർകുമാർ, ശ്രീമതി. ഇന്ദു കിഷോർകുമാർ, ശ്രീ. അർജുൻ കിഷോർകുമാർ, ശ്രീമതി. ബിന്ദു രാഘവൻ, ശ്രീ. ജോഷ് പ്രകാശ്, ശ്രീ. കിരൺ സുനിൽ, ശ്രീ. വി. പ്രകാശ്, ശ്രീമതി. നീമ പ്രകാശ്, ശ്രീമതി. ആര്യ പ്രകാശ്, ശ്രീ. എ. ജയകുമാർ, ശ്രീമതി. പ്രസന്ന ജയകുമാർ, ശ്രീമതി. ഷിബു ജയകുമാർ, ശ്രീ. ലൂയിസ് Ayres, ശ്രീ. സത്യദേവൻ, ശ്രീ. തുളസീധരൻ, ശ്രീമതി. ഭാമ തുളസീധരൻ, ശ്രീമതി. പ്രിയ ബസന്ത്, അശ്വിനി ബസന്ത്, ശ്രീ. ധില്ലൻ സുനിൽ, ശ്രീ. സുമേഷ് കുമാർ, ശ്രീ. ജയകുമാർ ഭാനു, ശ്രീ. സുഭാഷ് ശിവദാസൻ, ശ്രീ. ജോയ്ലാൽ, ശ്രീ. പ്രദീപ് കുമാർ, ശ്രീ. രാഹുൽ രാജേന്ദ്രൻ, ശ്രീ. അർജുൻ ദിവാകരൻ, ശ്രീ. വിഷ്ണു ദിവാകരൻ, ശ്രീ. സൂരജ് ജനാർദ്ദനൻ എന്നിവരാണ്.

**പ്രത്യേകനന്ദി :**

ഓണസദ്യ, നറുക്കെടുപ്പ് ഇവയുടെ ടിക്കറ്റുകൾ വിൽക്കുകയും പരിപാടിക്ക് വേണ്ടപിന്തുണ നൽകുകയും ചെയ്ത അർജുൻ ദിവാകരൻ, എയ്മി അജികുമാർ, നിവാ രാജേന്ദ്രൻ, രാഹുൽ രാജേന്ദ്രൻ, തേയ നടരാജൻ, ലിസ ശിവകുമാർ, വിശാൽ അശോകൻ, ഉമാ അശോകൻ, വിഷ്ണു ദിവാകരൻ, യാഷ് അശോകൻ ശ്രീനാരായണ ഗുരു മിഷൻ യൂത്ത് വിംഗിന്റെ അംഗങ്ങൾക്ക് നന്ദി.

സാംസ്കാരിക പരിപാടികൾക്ക് പിന്തുണയും സാമ്പത്തിക സഹായവും നൽകിയ KCWA, സംഗീത ഓഫ് ദി യുകെ, KCWA ട്രസ്റ്റ് എന്നിവർക്ക് നന്ദി.

ലൈറ്റ് ആൻഡ് സൗണ്ടിങ്ങ് സജ്ജീകരിച്ച ഒയാസിസ്, സ്വാമി മണ്ഡമം തയ്യാറാക്കിയ ശ്രീജി ഗോപാലകൃഷ്ണൻ, വീഡിയോ, ഫോട്ടോ എന്നിവയുടെ സ്പോൺസർഷിപ്പ് നൽകിയ ശ്രീ റെജിലാൽ സത്യദേവൻ, ഷോപ്പിങ്ങിനും ദക്ഷണപാനിയങ്ങൾ എത്തിക്കുന്നതിനും പിന്തുണനൽകിയ ശ്രീ എ ജയകുമാർ, ശ്രീമതി പ്രസന്ന ജയ

കുമാർ, പരസ്യത്തിലൂടെ നൽകിയ ധാർമ്മികവും സാമ്പത്തികവുമായ പിന്തുണനൽകിയ ക്രോയ്ഡണിലെ വ്യാപാരികൾ, ആർച്ച്ബിഷപ്പ് ലാൻഫ്രാങ്ക് സ്കൂൾ ഹാളിലെ കർട്ടൻ അലങ്കാരങ്ങൾ സ്പോൺസർചെയ്ത ശ്രീ സജീവ് ദിവാകരൻ, ശ്രീമതി അനി രാജേന്ദ്രൻ, സുജഗോപിനാഥൻ എന്നിവർക്ക് ട്രസ്റ്റിന്റെ നന്ദി അറിയിക്കുന്നു.

**3.1.3 2014 സെപറ്റംബർ 6 ശനിയാഴ്ച ഈസ്റ്റാമിൽ വച്ച് നടന്ന ഓണസദ്യ**

സ്വാമി തന്മയ ദീപം തെളിയിച്ചതിനെതുടർന്ന് നടന്ന പ്രാർത്ഥനയ്ക്ക് ശേഷം ഈസ്റ്റാമിലെ ഓണസദ്യ ആരംഭിച്ചു. ശ്രീ. പി അരുൺ, സുധ ശശിധരൻ, രാധാ ശ്രീധരൻ, രോഹിണി വാസുദേവൻ, ബീനപുഷ്കാസ്, സ്വയംപ്രഭ, പുരുഷോത്തമൻ ലീന സലിം, ഗീജ ശ്രീലാൽ, സതീഷ്, വൽസമ്മ തങ്കപ്പൻ, രാജേശ്വരി സദാശിവൻ, ശ്രീ, ശ്രീമതി ജ്യോതിപ്രകാശ്, മഞ്ജു ശാന്തശീലൻ, മറ്റ് ഉപസമിതി അംഗങ്ങൾ സ്പെഷ്യൽ എഫേർട്ട് സെക്രട്ടറി ശ്രീ സുരേഷ്കുമാറിന്റെ നേതൃത്വത്തിലുള്ള ടീം എന്നിവരുടെ ആന്മാർത്ഥമായ പ്രവർത്തനമാണ് ഈ ഓണസദ്യ വിജയകരമായി സംഘടിപ്പിക്കാൻ സാധിച്ചത്. മുൻ വർഷങ്ങളിലെ പോലെ നയനാനന്ദകരമായ അത്തപ്പൂക്കളം സ്പോൺസർ ചെയ്തത് ശ്രീമതി ബീന പുഷ്കാസ് ആണ്. ഏവരുടെയും അക്ഷീണമായ പ്രവർത്തനത്തിനും തുടർച്ചയായ പിന്തുണയ്ക്കും ഞങ്ങൾ ആത്മാർത്ഥമായി നന്ദിപറയുന്നു.

ഓണസദ്യയ്ക്ക് സാമ്പത്തികവും ഏല്ലാതരത്തിലും ഉള്ള സഹായവും നൽകി പരിപാടികൾ വിജയകരമാക്കിയ ശ്രീമതി സുധ ശശിധരൻ, ബീന പുഷ്കാസ്, സ്വയംപ്രഭ പി. ബേബി ധർമ്മശീലൻ, ശോഭന രാമകൃഷ്ണൻ, രോഹിണി വാസുദേവൻ, വൽസല സുകുമാരൻ, അംബിക മാധവൻ, ലീന സലിം, മഞ്ജു മദിരത്തിൽ, സതീഷ്, രാജേശ്വരി എസ്, വൽസമ്മ ടി., ശ്രീ. പി. അരുൺ, ശ്രീ&ശ്രീമതി. ജ്യോതിപ്രകാശ് എസ്., ശ്രീ. വിനോദ് ബാബു, ശ്രീ. ജ്യോതിപ്രകാശ്, ശ്രീ. മുരളീധരൻ വി., ഡോ. നിർമ്മല രവീന്ദ്രൻ, ശാന്ത സത്യൻ, രാധ ശ്രീധരൻ, പുഷ്പമ്മ ഗോപാലൻ എന്നിവർക്ക് നന്ദിപറയാൻ ഈ അവസരം ഞങ്ങൾ ഉപയോഗിക്കുന്നു.

**3.1.4 2014 സെപ്റ്റംബർ 20 സൗത്താളിൽ വച്ച് നടന്ന ഓണസദ്യ**

ശ്രീ തങ്കരാജ്, ശ്രീഷാജി എസ്, ശ്രീ മണിലാൽ എസ് എന്നിവരും അവരുടെ ടീമും സൗത്താളിൽ നടന്ന ഓണസദ്യയും ആഘോഷങ്ങളും വൻ വിജയമാക്കി. സൗത്താൾ ശ്രീ നാരായണ ഗുരു മിഷൻ കേന്ദ്രത്തിൽ വച്ച് (Redeemer church, Allen by road, southall) ആണ് പരിപാടി സംഘടിപ്പിച്ചത്. സ്വാമി തന്മയ ദീപം തെളിയിച്ചു കൊണ്ട് പരിപാടി ആരംഭിച്ചു. അദ്ദേഹത്തിന്റെ അനുഗ്രഹവും, മനോഹരമായ പ്രസംഗവും ഓണാഘോഷങ്ങൾ ഗംഭീരമാക്കി . 140- ഓളം പേർക്ക് ഓണസദ്യ വിളമ്പി. ദിവ്യ തങ്കരാജിന്റെ ശാസ്ത്രീയ നൃത്തം, ഷാജിയും ജിനുവും അവതരിപ്പിച്ച (High Wycombe) ഗാനമേള തുടങ്ങി പ്രാദേശിക കലാകാരന്മാർ അവതരിപ്പിച്ച വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. സൗത്ത് ഹാളിലെ ഓണം സ്പോൺസറായിരുന്ന ശ്രീ ജോയി സത്യവാന് (KASA TEC, 381, Lady Margaret Road, Southall, Middlesex) പ്രത്യേകം നന്ദി. ക്രോയ്ഡണിൽ നിന്നും പരിപാടി നടക്കുന്ന സ്ഥലത്തേയ്ക്ക് ഭക്ഷണം വാഹനമാർഗ്ഗം എത്തിച്ച ഡോ സുരേഷ് തങ്കപ്പൻ (Hayes) ശ്രീ ശ്രീനിഷാജി (Southall) എന്നിവർക്ക് പ്രത്യേക നന്ദി അറിയിക്കുന്നു.

ജോയ് ആലുക്കാസ്, ഗിർഫാർമസി തട്ടുകട എന്നിവർക്ക് അവരുടെ സ്പോൺസർ ഷിപ്പിനും പിന്തുണയ്ക്കും നന്ദിപറയുന്നു.

**2. ക്രിസ്മസ് ആഘോഷങ്ങളും കുട്ടികളുടെ ക്രിസ്മസ് പരിപാടികളും**

കുട്ടികളുടെ രണ്ടു ക്രിസ്തുമസ് പാർട്ടികളും രണ്ടു ക്രിസ്തുമസ് ആഘോഷങ്ങളും എല്ലാപ്രയക്കാർക്കുമായി സംഘടിപ്പിച്ചു.

**3.2.1 2014 ലെ ക്രോയ്ഡണിൽ വച്ച് നടത്തിയ കുട്ടികളുടെ ക്രിസ്തുമസ് പാർട്ടി.**

2014 ഡിസംബർ 14 നു ക്രോയ്ഡണിലെ സിഎഎ ഹാളിൽ വച്ച് യുകെയിലെ എസ്.എൻ.ജി.എം പ്രതിമാസ പൂജകൾക്കു ശേഷം ഉൽസവലഹരിയിൽ ക്രിസ്തുമസ് ആഘോഷിച്ചു. അനി രാജേന്ദ്രൻ മേൽനോട്ടം വഹിച്ച ഈ പരിപാടിയിൽ കിഷോർകുമാർ, സജീവ് ദിവാകരൻ, സുരേഷ് ധർമ്മജൻ എന്നിവർ പ്രധാന സഹായികളായി. മറ്റ് സന്നദ്ധപ്രവർത്തകരുടെ സഹായ സഹകരണങ്ങൾ കൊണ്ട് അലങ്കാരങ്ങളും ക്രിസ്തുമസ്ട്രീയും തയ്യാറാക്കിയത് ഹാളിൽ ഒരു ഉത്സവത്തിന്റെ പ്രതീതി സൃഷ്ടിച്ചു. ശ്രീ സുരേഷ് ധർമ്മജൻ സ്വാഗത പ്രസംഗവും കൃതജ്ഞതയും അറിയിച്ചു. തുടർന്നുള്ള പരിപാടികൾ നിവ രാജേന്ദ്രൻ നിയന്ത്രിച്ചു.

വൈകീട്ട് 5.30 ന് തുടങ്ങിയ പാർട്ടിയിൽ ഏകദേശം 30- ഓളം കുട്ടികൾ പങ്കെടുത്തു. മുതിർന്ന കുട്ടികളുടെ വ്യത്യസ്തമായ ഗെയ്മുകളും ഉണ്ടായിരുന്നു. എല്ലാ വിജയികൾക്കും സമ്മാനങ്ങൾക്കു പുറമെ പ്രോത്സാഹന സമ്മാനങ്ങളും കൂടാതെ, ഓരോ കുട്ടികൾക്കും സാന്താക്ലോസ്സിന്റെ സമ്മാനപൊതികളും ഉണ്ടായിരുന്നു. ക്രോയ്ഡൺ വിദ്യാഭ്യാസ സെന്ററിലെ യുവ വോളണ്ടിയർമാരുടെ സംഗീതത്തിന്റെയും വെളിച്ചത്തിന്റെയും അകമ്പടിയോടെ ഏകദേശം 8.30-ന് എത്തിയ സാന്താക്ലോസ്സ് കാണികൾക്ക് പുതുമയായി. പാചകത്തിന് സഹായിച്ച സജീവ് ദിവാകരൻ, ബിന്നി സജീവ്, രേണുക കിഷോർകുമാർ കൂടാതെ രുചികരമായി പലഹാരങ്ങൾ നൽകുന്നതിനു സഹായിച്ച മുതിർന്ന വോളണ്ടിയേർസിനും പ്രത്യേക നന്ദി അറിയിക്കുന്നു. പരിപാടിക്ക് ആവശ്യമായ ശബ്ദ ഉപകരണങ്ങൾ തന്നു സഹായിച്ച ശ്രീ. ഗോപാലകൃഷ്ണനോടും ശീതള പാനീയങ്ങൾ, ലഘുഭക്ഷണം എന്നിവ സ്പോൺസർ ചെയ്യുകയും എത്തിച്ചുതരികയും ചെയ്ത ശ്രീ എ ജയകുമാർ, ശ്രീമതി പ്രസന്നജയകുമാർ എന്നിവരോടും ഉള്ള നന്ദി പ്രത്യേകം അറിയിക്കുന്നു. മാത്രമല്ല, ഹാൾ സജ്ജീകരിക്കുകയും അലങ്കരിക്കുകയും കുട്ടികൾക്കു ഭക്ഷണം നൽകുകയും, പരിപാടികൾക്കു ശേഷം ഹാളും അടുക്കളയും വൃത്തിയാക്കുകയും ചെയ്ത മുതിർന്ന വോളണ്ടിയർമാരായ ബിന്നി സജീവ്, രേണുക കിഷോർകുമാർ, ദേവി സുനിൽ, അർജുൻ ദിവാ

കരൻ എന്നിവർക്കും പ്രത്യേക നന്ദി മിഷൻ അറിക്കുന്നു. മിഷന്റെ ഈ പരിപാടിയുടെ വിനോദ മൂല്യത്തെപ്പറ്റി മാത്രമല്ല, അത് പകർന്നു നൽകിയ ഉത്സവലഹരിയും ഈ പരിപാടിയിൽ പങ്കെടുത്ത മാതാപിതാക്കളും കുട്ടികളും അറിയിക്കുകയുണ്ടായി.

യുകെയിലെ ശ്രീ നാരായണഗുരു മിഷന്റെ യുവജനങ്ങളുടെ വകയായി എസ്.എൻ.ജി.എം യുകെയുടെ പ്രവർത്തന അംഗങ്ങൾക്ക് (അർജുൻ ദിവാകരൻ, ഐമി അജികുമാർ, നിവാ രാജേന്ദ്രൻ, തേയ നടരാജൻ, രാഹുൽ രാജേന്ദ്രൻ, ലിസ ശിവകുമാർ, വിശാൽ അശോകൻ, ഉമ അശോകൻ, വിഷ്ണു ദിവാകരൻ, യാഷ് അശോകൻ) അവരുടെ നിസീമമായ പ്രവർത്തനങ്ങൾക്ക് സർട്ടിഫിക്കറ്റുകൾ സാന്റാ സമ്മാനിക്കുകയുണ്ടായി. പരിപാടികളിൽ ഭാഗമാകുകയും എന്നും ഓർമ്മയിൽ തങ്ങി നിൽക്കുന്ന ഒന്നാക്കാനും പരിശ്രമിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**3.2.2. 2014–ൽ ഈസ്റ്റാമിൽ നടന്ന കുട്ടികളുടെ ക്രിസ്തുമസ് പാർട്ടിയും ക്രിസ്തുമസ് ആഘോഷങ്ങളും:- (യൂത്ത്ഫോറവും സാമൂഹിക, കലാ ഉപസമിതിയും ചേർന്ന് സംഘടിപ്പിച്ചത്)**

**കുട്ടികളുടെ ക്രിസ്മസ് പാർട്ടി - വീണ വിനോദ്ബാബു (യൂത്ത് മെമ്പർ) തയ്യാറാക്കിയ റിപ്പോർട്ട്**

2014 ക്രിസ്മസ് ആഘോഷങ്ങൾക്ക് തുടക്കമിടാൻ കുട്ടികളുടെ ക്രിസ്തുമസ് പാർട്ടിയോളം ഉചിതമായി മറ്റൊന്നും ഉണ്ടായിരുന്നില്ല.

ഡിസംബർ 20 ശനിയാഴ്ച 3.30 ഓടുകൂടി എസ്.എൻ.ജി.എം ഹാളിൽ ഗെയ്മുകളും പരിപാടികളും തുടങ്ങുന്നതിനു വേണ്ടി ആവേശപൂർവ്വം കാത്തിരിക്കുന്ന കുട്ടികളെയും അവരുടെ മാതാപിതാക്കളെയും കൊണ്ട് നിറഞ്ഞു. കാത്തിരിപ്പുകൾക്ക് വിരാമം ഇട്ടുകൊണ്ട് ശ്രീ. കിരൺ എല്ലാവരെയും സ്വാഗതം ചെയ്യുകയും നടക്കാൻ പോകുന്ന പരിപാടികളെക്കുറിച്ചുള്ള ഒരു ചെറുവിവരണം നൽകുകയും ചെയ്തു.

അശ്വിനിയുടെ മനോഹരമായ ഗാനത്തോടെ പരിപാടി ആരംഭിച്ചു. കുട്ടികൾ കൂടുതൽ ആവേശകരവും വിനോദകരവുമായ പരിപാടികൾക്കുവേണ്ടി തയ്യാറെടുത്തു. കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് രോഹിത് തയ്യാറാക്കിയ ഒരു ഗെയിംഷോ തുടർന്ന് നടന്നു. കുസൃതി ചോദ്യങ്ങൾ കൊണ്ടും ഫലിതങ്ങൾ കൊണ്ടും കാഴ്ചക്കാരെ കൈയ്യിലെടുക്കുകയും ശരിയായ ഉത്തരം പറഞ്ഞവർക്കെല്ലാം സമ്മാനങ്ങൾ നൽകുകയും ചെയ്തു.

രോഹിത്തിന്റെ വിനോദ പ്രദമായ ഗെയിംഷോയെ തുടർന്ന് സ്റ്റേജിൽ അരങ്ങേറിയത് യുവജന ഗ്രൂപ്പ് മെമ്പറായ കിരണിന്റെ ഫ്യൂഷൻ ബ്രേക്ക് ഡാൻസായിരുന്നു. കിരണിന്റെ ആ പ്രകടനം കുട്ടികളെ വളരെ ആകർഷിച്ചു. താൽപര്യമുള്ള കുട്ടികൾക്ക് കലാപരിപാടികൾ സ്റ്റേജിൽ അവതരിപ്പിക്കാനുള്ള അവസരമുണ്ടായിരുന്നു. പല കുട്ടികളും വിനയപൂർവ്വം ഒഴിഞ്ഞു മാറിയെങ്കിലും പ്രണവ് അതീഷ് "ടിങ്കിൾ ടിങ്കിൾ ലിറ്റിൽ സ്റ്റാർ" എന്ന ഗാനം ആലപിച്ചു. പ്രണവിന്റെ ഗാനത്തിന് വളരെ ആവേശകരമായ സ്വീകരണം ആണ് ലഭിച്ചത്. വൈകുന്നേരമായതോടെ ഗെയിമുകൾക്ക് തുടക്കമായി. കുട്ടികളെ പ്രായത്തിനനുസരിച്ച് രണ്ട് ഗ്രൂപ്പായി തിരിച്ചു. മ്യൂസിക്കൽ ചെയർ, പാസ് ദി പാർസൽ, മ്യൂസിക്കൽ സ്റ്റാച്യു എന്നിങ്ങനെയുള്ള ഗെയിമുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരുന്നത്. പിസ്സയ്ക്കും ലഘുഭക്ഷണത്തിനുമായുള്ള ചെറിയ ഇടവേളയ്ക്കു ശേഷം ഗെയിം തുടർന്നു.

ഡിസ്കോ സംഗീതത്തോടൊപ്പം നൃത്തം ചെയ്യാനുള്ള സമയമായിരുന്നു അടുത്തത്. അവരുടെ നൃത്തചുവടുകൾ ആരംഭിച്ചപ്പോൾ ചിലരെങ്കിലും കിരണിന്റെ നൃത്തചുവടുകൾ അനുകരിക്കാൻ ശ്രമിച്ചു എന്ന് എനിക്ക് ഉറപ്പാണ്. ഡിസ്കോയുടെ അന്ത്യത്തിൽ ബൾബുകൾ ഡിം ചെയ്യുകയും ജിംങ്കിൾ ബെൽസിന്റെ ശബ്ദം ഉയരുകയും ചെയ്തു. അത് ക്രിസ്മസ് അപ്പൂപ്പൻ ആയിരുന്നു. എന്താണ് സാന്താക്ലോസ് കൊണ്ടു വരുന്നത് എന്നു അറിയുവാൻ എല്ലാവരും വളരെ ആകാംഷഭരിതരായി കാത്തിരുന്നു. എല്ലാവിധത്തിലും നിറഞ്ഞ മനസ്സോടെ സന്തോഷഭരിതരായാണ് കുട്ടികൾ അവിടം വിട്ടത്. ക്രിസ്മസ് അപ്പൂപ്പനായി വന്ന ഗോപി അങ്കിളിനും പ്രത്യേകം നന്ദി അറിയിക്കുന്നു. ക്രിസ്മസ് പാർട്ടി വിജയമാക്കി തീർക്കാൻ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ച് ലീനാ ഗിരിലാൽ, നന്ദു, നിധിഷ്, ഷാനൽ, രോഹിത്, കിരൺ എന്നിവർക്കും എല്ലാറ്റിനുമുപരി നമ്മുടെ ഏറ്റവും പ്രിയപ്പെട്ട കുട്ടികൾക്കും നന്ദി പറയുന്നു.

കഴിവുള്ള ഒട്ടേറെ പേരുടെ പരിപാടികൾ കൊണ്ട് ഈസ്റ്റ് ഹാമിലെ ക്രിസ്മസ് ആഘോഷം ഗംഭീരമായിരുന്നു. ഊർജ്ജസ്വലതയോടും ഉത്സാഹത്തോടും കൂടി വളരെയധികം പാട്ടുകാരും ഡാൻസുകാരും അവർ തങ്ങളുടെ ഇനം അവതരിപ്പിച്ചു. സതീഷ് കുമാർ എഴുതി സംവിധാനം ചെയ്ത യേശു ക്രിസ്തുവിനെ പറ്റിയുള്ള ലഘു നാടകം കാണികൾ നന്നായി സ്വീകരിച്ചു. ബേസിൽഡണിൽ കാണികൾക്കായി ജനുവരിയിൽ നാടകം രണ്ടാമതും അവതരിപ്പിച്ചു.

**3.2 സൗത്താൾ : (തങ്കരാജിന്റെ റിപ്പോർട്ട്)**

2014 ഡിസംബർ 22 ശനിയാഴ്ച നമ്മുടെ സുഹൃത്തുക്കളുടെയും കുടുബത്തിന്റെയും, അംഗങ്ങളുടെയും പിന്തുണയോടെ സൗത്താളിലെ ക്രിസ്മസ് പാർട്ടി നടത്തി. 60-ൽ അധികം പേർ പങ്കെടുത്ത വളരെ വിജയകരമായ ഒരു പരിപാടി ആയിരുന്നു. ഇത്.

രുചികരവുമായ ക്രിസ്മസ് ഡിന്നറിനോടൊപ്പം ദിവ്യ തങ്കരാജ് സ്പോൺസർ ചെയ്ത ശ്രീമതി സന്തോഷ് നായർ ഉൾപ്പെടെയുള്ള പ്രൊഫഷണൽ ഡാൻസർമാരും ബോളിവുഡ് ഡാൻസേഴ്സ് തുടങ്ങിയ പ്രൊഫഷണൽ ഡാൻസേഴ്സും പ്രാദേശിക ഗായകരും നടത്തിയ സ്റ്റേജ് പരിപാടികൾ ഈ വർഷത്തെ ക്രിസ്മസ് പാർട്ടി ഏറെ പ്രധാനപ്പെട്ടതാക്കിതീർത്തു. മുതിർന്നവർക്കും കുട്ടികൾക്കും വേണ്ടിയുള്ള പരിപാടികൾ ഉണ്ടായിരുന്നു. കുട്ടികൾക്കുള്ള സമ്മാനങ്ങളുമായി ക്രിസ്മസ് അപ്പൂപ്പൻ എത്തിയത് അവരുടെ ആ ദിവസത്തെ കാത്തിരിപ്പിനെ അർത്ഥവത്താക്കി. ആഘോഷങ്ങൾക്കുവേണ്ട ശബ്ദ ഉപകരണങ്ങൾ നൽകിയ ശ്രീ മനോജ് രാഘവന് (Hayes) പ്രത്യേക നന്ദി അറിയിക്കുന്നു.

**സ്കൂൾ പ്രവേശനത്തിനുള്ള എസ്എൻജിഎം-ന്റെ സപ്പോർട്ട് ലെറ്റർ.**
കുട്ടികൾക്ക് സ്കൂൾ പ്രവേശനത്തിന് സഹായകരമായ റഫറൻസ് ലെറ്ററുകൾ നൽകി.

**3.4 ചരമം**

ഈ ലോകത്തുനിന്നും വിട പറഞ്ഞ നമ്മുടെ പ്രിയപ്പെട്ടവർ

1). ശ്രീ. എൻ ചെല്ലപ്പൻ ( Widecombe Gardens, Redbridge, Essex)

തികഞ്ഞ ഗുരുഭക്തനായിരുന്ന ശ്രീ. ചെല്ലപ്പൻ, ദൈനംദിന പ്രാർത്ഥന, പ്രതിമാസ പ്രാർത്ഥന, പ്രത്യേക പ്രാർത്ഥന ഇവയെല്ലാം ദീർഘകാലം സംഘടിപ്പിക്കുകയും ഗുരു മിഷന് ആത്മാർത്ഥമായ പിന്തുണ നൽകുകയും ചെയ്തിരുന്നു. വളരെ വർഷങ്ങൾ ബിൽഡിംഗ് മാനേജരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. നമ്മുടെ സംഘടനയ്ക്ക് അദ്ദേഹത്തിന്റെ മരണം ഒരു യഥാർത്ഥ നഷ്ടം തന്നെയാണ്.

2). ശ്രീ. എൻ വിശ്വംഭരൻ, 30 St. James RD, W. Croydon, Surrey
3). ശ്രീ. കെ സദാശിവൻ, 42 Elmwood Rd, Croydon, Surrey
4). ശ്രീ. എൻ കുഞ്ഞുരാമൻ, 52 Altimore Avenue, East Ham, London
5). ശ്രീ. പ്രകാശ് രാഘവൻ, 73 Wychwood Avenue, Edgware, Middx
6). ശ്രീ. പോൾ റാം, 5 North Road, Southall, Middx
7). ശ്രീ. ജി നാരായണൻ, 95 Plashet Grove, East Ham, London
8). ശ്രീ. കെ.ജി ശ്രീധരൻ, 163 Browining Road, Manorpark, London
9). ശ്രീ. ആർ രാമകൃഷ്ണൻ, 18 Chepstow Crescent, Illford, Essex
10). ശ്രീ. സുക്കുമാരാഹ് ചാത്തു, 25 Park Avenue, East Ham, London
11). ശ്രീ. സത്യവാൻ, 11 North Road, Southall, Middax

പ്രിയ അംഗങ്ങളുടെ വിയോഗത്തിൽ നമ്മുടെ അഗാധമായ അനുശോചനം അവരുടെ കുടുംബാംഗങ്ങളെ അറിയിക്കുന്നു.

**4. എഡിറ്റോറിയൽ ബോർഡ്**

ചെയർ പേഴ്സൺ: ശ്രീ. സുരേഷ് സുകുമാരൻ

വൈസ് ചെയർ: ശ്രീ. വി സരസൻ

ഉപസമിതി മെമ്പേഴ്സ്: ശ്രീ. ബൈജു ശാന്തശീലൻ, ശ്രീ. സനൽ മാധവൻ, ശ്രീ. മുരളീധരൻ വിദ്യാധരൻ, ശ്രീ. ഗിരിധരൻ വിദ്യാധരൻ, ശ്രീ. സുരേഷ് ധർമ്മജൻ, ശ്രീ. പ്രിയവർധൻ സത്യവർധൻ.

ഔദ്യോഗിക വെബ്സൈറ്റായ www.sngm.org നവീകരിക്കുന്നതിനും അതിലൂടെ കൃത്യമായി വിവരങ്ങൾ നൽകുന്നതിനും ഈ വർഷം ഞങ്ങൾ വളരെ ഫലപ്രദമായ ചില നടപടിക്രമങ്ങൾ എടുത്തു. ഈ വെബ്സൈറ്റ് പതിവായ പ്രവർത്തനങ്ങളായ പരസ്യങ്ങൾ, പ്രസ് റിലീസ്, ലഘുലേഖകളുടെ പ്രസിദ്ധീകരണം എന്നിവ ഉൾപ്പെടെയുള്ള ദൈനംദിനകാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. ട്രസ്റ്റിന്റെ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ഫേസ്ബുക്ക് കൃത്യമായി ഉപയോഗപ്പെടുത്തുന്നു. ഞങ്ങൾ നൽകിയ പുതുക്കലുകൾ:

1) ഗുരു ജയന്തി, ഓണാഘോഷം, ക്രിസ്മസ് ആഘോഷം, അനുബന്ധ വിദ്യാഭ്യാസം, യൂറോപ്യൻ കോച്ച് ടൂർ എന്നിങ്ങനെ ആവശ്യമായപ്പോഴൊക്കെ ഞങ്ങൾ നോട്ടീസുകൾ ഡിസൈൻ ചെയ്തു.

2) മലയാളം ചാനൽ കാണുന്നതിനായി Roku box - ഉം ലളിതസംഗീതം കേൾക്കുന്നതിനായി ഒരു ഉപകരണവും എസ്.എൻ.ജി.എം ബിൽഡിങ്ങിൽ സ്ഥാപിക്കുകയുണ്ടായി.

3) ജിഡിപി കൂട്ടായ്മയുമായി ചേർന്ന് ഗുരുധർമ്മ പ്രചരണത്തിനായി ശ്രീനാരായണ ഗുരുവിന്റെ "ജീവിതത്തിന്റെ വഴിയിൽ" സിഡിയിൽ കോപ്പി ചെയ്യുകയും പ്രാർത്ഥനാ ഗീതങ്ങൾ അച്ചടിക്കുകയും ചെയ്തു.

4) ഗുരു ധർമ്മ പ്രചരണത്തിനായി പ്രാർത്ഥനാ ഗീതങ്ങൾ അച്ചടിക്കുകയും ശ്രീനാരായണ ഗുരുവിന്റെ ജീവിതത്തിന്റെ വഴിയിൽ (50 കോപ്പി) സിഡിയിൽ കോപ്പി ചെയ്യുകയും ചെയ്തു.

5) എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ ഉപദേശപ്രകാരം ഗുരു മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.sngm.org-യുടെ നിയന്ത്രണവും നടത്തിപ്പും, എസ്.എൻ.ജി.എം എഡിറ്റോറിയൽ ബോർഡിൽ നിന്നും, ലളിതവും പതിവായിട്ടും ഉള്ള അപ്ഡേറ്റിങ്ങിനു വേണ്ടി ഒരു വെബ്മാസ്റ്ററെ ഏൽപ്പിച്ചു. ഈ വെബ് സൈറ്റ് ഉപയോഗിക്കാൻ ബുദ്ധിമുട്ടും വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ ക്ലേശകരവും പലപ്പോഴും ഒരു വെബ് മാസ്റ്ററുടെ സഹായം വേണ്ടി വരികയും ചെയ്യുന്നതിനാൽ പ്രവർത്തനങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിൽ താമസം വരാറുണ്ടായിരുന്നു.

6) വെബ്സൈറ്റ് പുതുക്കി ഡിസൈന്റ ചെയ്ത് ആരംഭിച്ചു. 2015 പകുതിയോടുകൂടി ഈ ജോലി പൂർത്തീകരിക്കുകയാണ് ലക്ഷ്യം. വെബ്സൈറ്റ് പുതുക്കുന്നതിന് ധാരാളം വിവരങ്ങൾ ആവശ്യമുള്ളതിനാൽ സമയം ആവശ്യമാണ്. മൂന്നുമാസത്തിനുള്ളിൽ സൈറ്റ് പൂർണമായും പ്രവർത്തന സജ്ജമാകുമെന്ന് കരുതുന്നു. ഫ്രന്റ് വെബ്പേജിന്റെ ഡിസൈൻ ഏകദേശം പൂർത്തിയാവുകയും ബാക്കി ജോലികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഡെവലപ്പ്മെന്റ് പോസ്റ്റുകൾ ഒഴിവാക്കുന്നതിന് ഒരു ആധുനിക വെബ്സൈറ്റ് നമ്മൾ തന്നെ ഡിസൈൻ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

7). എസ്.എൻ.ജി.എം ന്റെ ഫേസ്ബുക്ക് എല്ലാദിവസവും കൈകാര്യം ചെയ്യുന്നു. ഏകദേശം 600 ആളുകളിൽ ഓരോ പോസ്റ്റും എത്തിക്കുകയും ഏകദേശം 400 ലൈക്കുകൾ കിട്ടുകയും ചെയ്യും. നിങ്ങൾ ഈ പേജിലെ ലൈക്കിൽ ക്ലിക്ക് ചെയ്യണമെന്നും നിങ്ങളുടെ പരിചയക്കാരെയും ഇതിനായി പ്രേരിപ്പിക്കണമെന്നും ഞങ്ങൾ

അഭ്യർത്ഥിക്കുന്നു. 5000–ത്തിനു മുകളിൽ ആളുകൾ 17 രാജ്യങ്ങളിൽ നിന്നും ഇതിനോടകം പേജ് സന്ദർശിച്ചു.

8). ഈ വർഷം നമ്മുടെ പ്രവർത്തനങ്ങൾക്ക് മാധ്യമങ്ങളിലൂടെ വളരെ നല്ല പ്രചാരണം കിട്ടി. ശ്രീ. സദാനന്ദൻ സുരേഷിന് (മണമ്പൂർ) ഈ നേട്ടത്തിന് നന്ദി പറയുന്നു.

**5) നയങ്ങളും ആസൂത്രണവും**

ചെയർപേഴ്സൺ: ശ്രീ. മുരളീധരൻ വിദ്യാധരൻ

വൈസ് ചെയർ: സുരേഷ് ധർമ്മജൻ

ഉപസമിതി അംഗങ്ങൾ: ശ്രീ. ബൈജു ശാന്തശീലൻ, ശ്രീ. ഗിരിധരൻ വിദ്യാധരൻ, ശ്രീ. വിനോദ്ബാബു, ശ്രീ. റ്റി.ജി ശശിധരൻ, ശ്രീ. ബി ശ്രീകുമാർ, ശ്രീമതി വത്സമ്മ തങ്കപ്പൻ, ശ്രീ. ജ്യോതിപ്രകാശ് എൻ, ശ്രീ. സുരേഷ് സദാനന്ദൻ, ശ്രീ. പി അരുൺ, ശ്രീ. സുരേഷ് സുകുമാരൻ, ഡോ. നിർമലാ രവീന്ദ്രൻ

എസ്.എൻ.ജി.എം- ന്റെ നയങ്ങളിൽ നിന്നും വ്യതിചലിക്കാതെ എക്സിക്യൂട്ടീവ് കമ്മിറ്റി അതിന്റെ ഭരണവും ചുമതലകളും മറ്റ് പ്രവർത്തനങ്ങളും ചെയ്യുന്നതിനുള്ള ഉപദേശവും പിന്തുണയും സ്ട്രാറ്റജി & പ്ലാനിങ്ങ് സബ് കമ്മിറ്റി ലഭ്യമാക്കി. സബ് കമ്മിറ്റിയുടെ 2014–ലെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

**Original Strategy Document -** ഹ്രസ്വ, മധ്യ, ദീർഘകാലത്തേയ്ക്കുള്ള വീക്ഷണങ്ങളും ലക്ഷ്യങ്ങൾക്കുമൊപ്പം അവ നേടുന്നതിന് വേണ്ട അടിസ്ഥാന സംഘടനാ ഘടനയും അടങ്ങുന്ന ഇത് 1997–ൽ ഉണ്ടാക്കുകയും തുടർന്ന് അവലോകനം ചെയ്യുകയും പുതുക്കുകയും ചെയ്തു വരുന്നു.

**ഉപസമിതികളുടെ ഉത്തരവാദിത്തങ്ങളും പ്രവർത്തനങ്ങളും–** ഒരു ഡോക്യുമെന്റ് തയ്യാറാക്കി അവലോകനം ചെയ്ത് രൂപം കൊടുത്തു. ഉപസമിതികളുടെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഈ രേഖ ഉപകാരപ്രദമാണ്.

**ക്രോയ്ഡൺ ബിൽഡിങ് പ്രൊജക്ട് ഫണ്ട് സ്വരൂപണനയം–**ക്രോയ്ഡണിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന ബിൽഡിങ് പ്രൊജക്ടിന്റെ പണം സ്വരൂപണത്തിനായി ഒരു ഡോക്യുമെന്റിന് രൂപം നൽകി.

**എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗബലം–** 3 സെന്ററുകളിലേക്കുമുള്ള ജോലിഭാരം അഭിമുഖീകരിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗബലം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് കഴിഞ്ഞ വർഷം തിരിച്ചറിഞ്ഞു. 4 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളോടൊപ്പം മൂന്നാമതൊരു അസിസ്റ്റന്റ് സെക്രട്ടറിയുടെ പോസ്റ്റു കൂടി കൂട്ടി.

**ഭരണഘടനാ ഭേദഗതികൾ പുതുക്കി–** 2010 വരെയുള്ള ഭരണഘടനാഭേദഗതികൾ ചാരിറ്റി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടു. ശ്രദ്ധേയമായ ഈ മാറ്റങ്ങൾ അംഗീകരിക്കുന്നതിനായി കഴിഞ്ഞ വാർഷിക ജനറൽബോഡി മീറ്റിംഗിൽ പുനർസമർപ്പിച്ചു.

**ഒബ്ജക്ടീവ് ക്ലാരിഫിക്കേഷൻ–** ഭരണഘടനയിലെ ഒരു പ്രത്യേകഭാഗം സ്പഷ്ടമാക്കേണ്ട

തിന്റെ ആവശ്യകത തിരിച്ചറിയുകയുണ്ടായി. എന്നാൽ അതുകൊണ്ട് “To Advance Sree Narayana Dharma (മതപരവും ജാതിപരവുമായ ഐക്യം, സമത്വം, വൈവിദ്ധ്യം എന്നിവയുടെ പ്രചാരണം)” ഇത് മിഷനെ ഒരു മതേതര സന്നദ്ധ സംഘടനയാക്കി പുനർനിർവ്വചിച്ചു. ഇത് മിഷന്റെ വളർച്ചയ്ക്ക് ഗുണകരമാണ്.

കഴിഞ്ഞ വാർഷിക ജനറൽബോഡി മീറ്റിംഗിൽ ഈ ഭരണഘടന ഭേദഗതി പാസ്സാക്കുകയും ചാരിറ്റി കമ്മീഷന് സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തു.

**Update of Trustees' details-** നാളിതുവരെയുള്ള രക്ഷാധികാരികളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ലാൻഡ് രജിസ്റ്ററിക്കൊപ്പം പുതുക്കി. ഇതിനൊടൊപ്പം ചാരിറ്റി കമ്മീഷൻ അംഗീകരിച്ച പുതുക്കിയ ഭരണഘടന ഉണ്ടെങ്കിൽ മാത്രമെ ക്രോയിഡണിൽ കെട്ടിടം വാങ്ങുന്നതുമായി മുന്നോട്ടു പോകാൻ സാധിക്കുകയുള്ളു.

ഈ കാലയളവിൽ മിഷന്റെ പ്രവർത്തനങ്ങൾ വൈദഗ്ധ്യപരവും നിയമപരവുമായി നടത്തുവാൻ വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കമ്മിറ്റിക്ക് നൽകുകയുണ്ടായി.

**6) മിഷന്റെ ക്രോയ്ഡൺ ബിൽഡിങ് പ്രൊജക്ട്**

**ചെയർപേഴ്സൺ:** ശ്രീ. പി. വി വിജയൻ (ജനറൽ സെക്രട്ടറി)

**പ്രൊജക്ട് മാനേജർ:** ശ്രീ. മുരളീധരൻ വിദ്യാധരൻ.

**ഫിനാൻസ് മാനേജർ:** ശ്രീ. ശ്രീകുമാർ ഭാസ്കരൻ (ട്രഷറർ)

അസിസ്റ്റന്റ് മാനേജേർസ്: 1. ശ്രീ. സുരേഷ് ധർമ്മജൻ, 2. ശ്രീ. ബൈജു ശാന്തശീലൻ

**ടീം ലീഡേർസ്:** 1. ശ്രീ.കിഷോർകുമാർ (ക്രോയ്ഡൺ), 2. ശ്രീ. ഗോപാലകൃഷ്ണൻ (ക്രോയ്ഡൺ), 3. ശ്രീ. ആർ വിനോദ്ബാബു (ഈസ്റ്റാം), 4. ശ്രീ. കെ തങ്കരാജ് (സൗത്താൾ)

**ടീം മെമ്പേഴ്സ്:** ക്രോയ്ഡൺ– ശ്രീ. എ ജയകുമാർ, ശ്രീ. സുനിൽ കൃഷ്ണൻ, ശ്രീമതി സുജ ഗോപിനാഥൻ, ശ്രീ. എൻ സുമേഷ്കുമാർ, ശ്രീ. സജീവ് ദിവാകരൻ, ശ്രീമതി അനി രാജേന്ദ്രൻ & സാൻഡി നടരാജൻ.

**ഈസ്റ്റാം–** ശ്രീ. റ്റി.ജി ശശിധരൻ, ശ്രീ. വി സരസൻ, ശ്രീ. സുരേഷ്കുമാർ, ശ്രീ. എൽ ആർ ദിലീപ്കുമാർ, ശ്രീ. സജീവ് സദാനന്ദൻ & ശ്രീ. ജി. ആർ ബെൻ

സൗത്ത്ഹാൾ– ശ്രീ. ഷാജി ശിവാനന്ദൻ & മണിലാൽ ശിവാനന്ദൻ.

കഴിഞ്ഞ 5 വർഷങ്ങളായി ഒരു കെട്ടിടം സ്വന്തമാക്കുകയെന്ന പദ്ധതി സജീവ പരിഗണനയാലാണ്. 2014 ഡിസംബർ 31 നു മുമ്പ് ഒരു കെട്ടിടം വാങ്ങുവാൻ കഴിഞ്ഞില്ലെങ്കിൽ പണം തന്നവർക്കൊക്കെ ആ തുക തിരിച്ചു കൊടുക്കുമെന്ന് 5 വർഷം മുമ്പ് വാർഷിക ജനറൽബോഡി മീറ്റിംഗിൽ പ്രതിജ്ഞയെടുത്തിരുന്നു. അതുകൊണ്ട് ഈ

വർഷം തന്നെ ഈ പ്രൊജക്ടിന് പരിസമാപ്തി ഉണ്ടാക്കുവാൻ ഉപസമിതി പരമാവധി പരിശ്രമിച്ചു.

നിർഭാഗ്യവശാൽ നമുക്കുണ്ടായ ചില തടസ്സങ്ങൾ:-

• മിഷന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിയിൽ ഒരു ബാങ്ക്ലോൺ അസാദ്ധ്യമാണ്.

• ലാൻഡ് രജിസ്റ്ററി റെക്കോർഡിൽ രക്ഷാധികാരികളുടെ പേരുകൾ പുതുക്കിയിട്ടില്ലായിരുന്നു.

• 2010 വരെയുള്ള ഭരണഘടനാ ഭേദഗതികൾ ചാരിറ്റി കമ്മീഷന് സമർപ്പിച്ച് പുതുക്കിയിട്ടില്ല.

• സാമുദായിക ഉപയോഗത്തിനു വേണ്ടിയുള്ള അംഗീകാരം കിട്ടുന്ന രീതിയിലുള്ള വസ്തുവിന്റെ ലഭ്യതക്കുറവ്.

• മിഷന്റെ പഴയ ചില ഭാരവാഹികൾ ശ്രീനാരായണ ഗുരുവിന്റെ പേരിൽ ക്രോയ്ഡണിൽ ഒരു പുതിയ സംഘടന ഉണ്ടാക്കി കെട്ടിടനിർമ്മാണവുമായി മുന്നോട്ടു പോകുന്നത്.

• ഒരു കെട്ടിടം സ്വന്തമാക്കുന്നതിന് ധനസമാഹരണത്തിനു വേണ്ടിയുള്ള ക്രോയ്ഡണിലെ പുതിയ സംഘടനയുടെ ലഘുലേഖകളുടെ പ്രചാരണം.

മുകളിൽ പറഞ്ഞ ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ ഞങ്ങൾ പരമാവധി പരിശ്രമിച്ചു. ലാൻഡ് രജിസ്റ്ററിയിൽ രക്ഷാധികാരികളുടെ പേരു പുതുക്കി. ഭരണഘടനാ ഭേദഗതികൾ ചാരിറ്റി കമ്മീഷന് സമർപ്പിച്ച് പുതുക്കി. യോജിക്കുന്ന കെട്ടിടം അന്വേഷിക്കുകയും അവയിൽ ചിലതിന് അനുവാദത്തിനായി അപേക്ഷിക്കുകയും ചെയ്തു. മതിയായ ഫണ്ട് കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കി ദീർഘകാലം കൊണ്ട് തിരിച്ച് കൊടുക്കുന്നതിനായി ഒരു നയം രൂപീകരിച്ചു. പുതിയ സംഘടനയുടെ പേരിൽ ഉണ്ടായേക്കാവുന്ന ആശയക്കുഴപ്പവും തെറ്റിദ്ധാരണകളും നീങ്ങുന്നതിനായി ക്രോയ്ഡണിലെ അംഗങ്ങളെ സന്ദർശിച്ചു. ക്രോയ്ഡണിലെ അംഗങ്ങൾക്കു വേണ്ടി പ്രത്യേക വിശദീകരണ യോഗങ്ങൾ നടത്തി. മിഷന്റെ അന്തസ്സ് ഉയർത്താൻ ക്രോയ്ഡണിൽ ഗുരുജയന്തി ആഘോഷം നടത്തി. എന്നിരുന്നാലും, സമുദായിക ഉപയോഗത്തിനു വേണ്ടി ബജറ്റിനുള്ളിൽ നിന്നു കൊണ്ട് ഒരു വസ്തു കണ്ടു പിടിക്കാൻ നമുക്കിതു വരെ കഴിഞ്ഞിച്ചില്ല. അന്വേഷണം തുടരുന്നു.

പല അംഗങ്ങളും തങ്ങളുടെ സംഭാവന തിരികെ ആവശ്യപ്പെടുകയും ഞങ്ങളത് കൃത്യമായി കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഇത് ശരിയായ സമീപന രീതിയല്ല. ഇനി വരുന്ന വാർഷിക ജനറൽബോഡി മീറ്റിംഗിൽ ഈ പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ടി കാലാവധി 5 വർഷം കൂടി നീട്ടുന്നതിന് അംഗീകാരം നൽകുമെന്നും പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ വിജയത്തിനായി ക്രോയ്ഡണിലെ അംഗങ്ങൾ തമ്മിലും മറ്റ് അംഗങ്ങൾ തമ്മിലും ഐക്യവും പിന്തുണയും പ്രതിബദ്ധതയും ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇങ്ങനെയല്ലാതെ ഈ പദ്ധതി വിജയകരമായി പൂർത്തീകരിക്കാനാവില്ല.

**7). ബിൽഡിങ് മാനേജ്മെന്റ് (ഈസ്റ്റാം)**

ചെയർപേഴ്സൺ: ശ്രീ. പി അരുൺ

വൈസ് ചെയർ: ശ്രീ. ജ്യോതി പ്രകാശ് നാരായണൻ

സബ് കമ്മിറ്റി മെമ്പേഴ്സ്: ശ്രീ. സുരേഷ് ധർമ്മജൻ, ശ്രീ. ശ്രീകുമാർ ഭാസ്കരൻ, ശ്രീ. സുരേഷ്കുമാർ ഗംഗാധരൻ, ശ്രീ. ജി. ആർ ബെൻ, ശ്രീ. റ്റി. ജി ശശിധരൻ, ശ്രീമതി വത്സമ്മ തങ്കപ്പൻ, ശ്രീ. ജോസ് വിശ്വംഭരൻ, ശ്രീ. ശശിരാജ്.

നമ്മുടെ മിഷൻ കെട്ടിടത്തിന്റെ വൃത്തിയും സുരക്ഷയും കെട്ടുറപ്പും നിലനിർത്തുന്നതിനു വേണ്ടി പല തരത്തിലുള്ള അറ്റകുറ്റപണികളും നവീകരണവും ബിൽഡിങ് മാനേജ്മെന്റ് കമ്മിറ്റി നടത്തുകയുണ്ടായി. സുരക്ഷ ഉറപ്പാക്കുന്നതിന് ഗവൺമെന്റിന്റെ സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ച് കെട്ടിടത്തിന്റെ ഫയർ സേഫ്റ്റി സിസ്റ്റം അംഗീകൃത എജൻസിയെക്കൊണ്ട് പരിശോധിപ്പിച്ച് പുതുക്കി.

2014-ൽ പൂർത്തിയാക്കിയ പണികൾ താഴെ പറയുന്നവയാണ്:

• വാതിലിന്റെ പിടി, ചില കൊളുത്തുകൾ, രണ്ടാംനിലയിലേക്കുള്ള കൈവരി എന്നിവ മാറ്റി.

• ഫയർ സേഫ്റ്റി നിയമങ്ങൾ അനുസരിച്ച് എല്ലാ വാതിലുകളും ഓട്ടോക്ലോസർ പിടിപ്പിച്ചു.

• സുരക്ഷ ഉറപ്പാക്കാൻ കാർബൺ മോണോക്സൈഡ് ഡിറ്റക്ടറുകൾ പിടിപ്പിച്ചു.

• ഗവൺമെന്റ് മാനദണ്ഡങ്ങൾക്കനുസരിച്ച് ഫയർ അലാറം സിസ്റ്റം പുതുക്കി.

• പ്രാർത്ഥനാമുറിയും പുറകുവശത്തെ മുറിയും ഇടനാഴിയും വീണ്ടും പെയിന്റ് ചെയ്തു.

• ചില റേഡിയേറ്ററുകളും വാഷ്ബേസിനുകളും മാറ്റി വച്ചു.

• ടോയ്ലറ്റ്, വാഷ്റൂം ഇവ പെയിന്റ് ചെയ്തും, പുതിയ ഉപകരണങ്ങൾ ഘടിപ്പിച്ചും, റിപ്പയർ വർക്കുകൾ ചെയ്തും പുതുക്കി.

• കെട്ടിടത്തിന്റെ എല്ലാ ചോർച്ചകളും പരിഹരിച്ചു.

• കെട്ടിടത്തിന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

• കെട്ടിടത്തിന്റെ താപനില നിലനിലർത്തി.

• പരിസരങ്ങൾ ശുചിയായും ആരോഗ്യപരമായും പതിവായി സൂക്ഷിക്കുന്നതിന് വേണ്ട സജ്ജീകരണങ്ങൾ ചെയ്തു.

ശ്രീ. ജയദേവൻ, ശ്രീ. ജി സുരേഷ്കുമാർ എന്നിവർ മിഷന്റെ കെട്ടിടത്തിന്റെ ദൈനംദിന കാര്യങ്ങൾ നന്നായി കൈകാര്യം ചെയ്തു. അവരുടെ വിലപ്പെട്ട സേവനത്തിന് ഞങ്ങളുടെ നന്ദി അറിയിക്കുന്നു.

മുൻവർഷങ്ങളിലേതുപോലെ എസ്.എൻ.ജി.എം-ന്റെ നടപടിക്രമങ്ങൾ എത്രമാത്രം നന്നായി പ്രയോഗത്തിൽ വരുത്തുന്നു എന്നറിയാൻ ഔദ്യോഗിക പരിശോധനകൾ നടത്തി. ശ്രീ. ജോസ് വിശ്വംഭരൻ, ശ്രീ സുരേഷ് കുമാർ

ജി. എന്നീ ബിൽഡിംഗ് കമ്മറ്റി അംഗങ്ങൾ ഫയർ പ്രൊട്ടക്ഷൻ സേഫ്റ്റിക്കുവേണ്ടി പരിശീലനം നൽകി. അവർ എല്ലായ്പ്പോഴും നിരീഷണങ്ങൾ നടത്തി. ശ്രീ പി.വി വിജയൻ, ശ്രീ എൻ ജ്യോതിപ്രകാശ്, ശ്രീ ബി.ബി ശ്രീകുമാർ എന്നിവർക്ക് പ്രാഥമികശുശ്രൂഷയിൽ പരിശീലനം നൽകി. മറ്റുള്ളവർക്കു ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിനുവേണ്ടി പ്രേരണ നൽകി. ഈ കാലയളവിൽ ഇത്തരത്തിലുള്ള സംഭവങ്ങളോ അപകടങ്ങളോ ഉണ്ടായിട്ടില്ല. ഫയർസേഫ്റ്റി മാനദണ്ഡങ്ങൾ കൃത്യമാക്കുന്നതിൽ ഞങ്ങളെ പിന്തുണച്ച ജോസ് വിശ്വംഭരന് പ്രത്യേക നന്ദി അറിയിക്കുന്നു.

**സുരക്ഷാ ക്രമീകരണങ്ങൾ**

2009 മാർച്ച് 1 മുതൽ സിസിടിവി റെക്കോർഡിങ്ങ് അരംഭിച്ചു. ഇത് കുറ്റകൃത്യങ്ങൾ തടയുക എന്ന ഉദ്ദേശത്തോടെയാണ്.

**7.1 പ്രവർത്തനസമയം**

സാധാരണ ദിവസങ്ങൾ: രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെ വൈകിട്ട് 5.30 മുതൽ 7.30 വരെ.

ശനിയാഴ്ച : എഡ്യുക്കേഷൻ സെന്ററിനു വേണ്ടി രാവിലെ 8.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ വൈകിട്ട് 5.30 മുതൽ 7.30 വരെ ദൈനം ദിന പ്രാർത്ഥനകൾക്കുവേണ്ടി.

ഞായർ:- ഉച്ച കഴിഞ്ഞ് 2.30 മുതൽ 7.30 വരെയും എല്ലാ അവസാനത്തെ ഞായറാഴ്ചകളിൽ വനിതാ ഫോറം നടത്തുന്ന പ്രത്യേക പ്രാർത്ഥനയ്ക്കായി രാവിലെ 10 മുതൽ 12 വരെയും

**7.2 ഹാൾ വാടകയ്ക്ക് കൊടുക്കൽ**

ഒരു മണിക്കുറിന് 30 പൗണ്ട് നിരക്കിൽ 2014-ൽ കെട്ടിടം വാടകക്ക് നൽകി. റ്റി ജി ഡബ്ല്യൂ യു-ൽ നിന്ന് വിരമിച്ചവർക്ക് 30 ശതമാനം കിഴിവ് നൽകി. മദ്യം പുകവലി, മയക്കുമരുന്ന് നോൺവെജ് ഭക്ഷണം തുടങ്ങിയവ എസ്. എൻ.ജി.എം ഇതിന്റെ പരിസരത്തുനിന്നും ഒഴിവാക്കി. എല്ലാമാസവും അവസാനത്തെ ശനിയാഴ്ച ബുക്ക് ചെയ്ത "അമ്മപൂജ സംഘം" ആണ് പ്രധാനമായും ഉപയോഗിച്ചിരുന്നത് ബിൽഡിങ്ങ് മാനേജ്മെന്റ് കമ്മിറ്റിയുടെയും എക്സിക്യുട്ടിവ് കമ്മിറ്റിയുടെയും അംഗങ്ങൾക്ക് അവരുടെ പിന്തുണയ്ക്കും സേവനങ്ങൾക്കും നന്ദി പറയുന്നു.

**ആരോഗ്യപരവും സുരക്ഷിതവുമായ പരിസരം**

താപനിലയെപ്പറ്റിയുള്ള സാധാരണ പ്രശ്നങ്ങൾ പരിഹരിച്ചു. പരിസരം ആരോഗ്യകരവും സുരക്ഷിതവുമായി ദിവസേനയുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഈ പ്രവർത്തനത്തിലെ ഉയർന്ന നിലവാരം ഉറപ്പാക്കാൻ പതിവായ പരിശോധനകൾ നടത്തി.

**8. സാമ്പത്തികം**

ചെയർ പേഴ്സൺ: ശ്രീ. ബൈജു ശാന്തശീലൻ

വൈസ് ചെയർ: ശ്രീ. ശ്രീകുമാർ ഭാസ്കരൻ

ഉപസമിതി മെമ്പേഴ്സ്: ശ്രീ. സദാനന്ദൻ, ശ്രീ. ബിനോയിലാൽ പിള്ള, ശ്രീ. സുരേഷ് ധർമ്മജൻ, ശ്രീ. കെ തങ്കരാജ്, ശ്രീ. വിനോദ് ബാബു, ശ്രീ. മുരളീധരൻ വിദ്യാധരൻ, ശ്രീ. വി സരസൻ, ശ്രീ. സദാനന്ദൻ സുരേഷ്, ശ്രീ. ജ്യോതി പ്രകാശ്, ശ്രീ. വിനോദ് നായർ

എല്ലാ പ്രധാനപരിപാടികൾക്കും കൃത്യമായ കണകത്കുകൾ ഉറപ്പാക്കികൊണ്ട് ഇപ്പോളത്തെ എക്സിക്യുട്ടിവ് കമ്മിറ്റിയുടെ നേതൃത്വത്തിന് കീഴിൽ മറ്റ് ഉപസമിതികളുമായി ചേർന്ന് ഫിനാൻസ് കമ്മിറ്റി പ്രവർത്തിച്ചു. സന്നദ്ധ പ്രവർത്തനങ്ങൾ, ഗുരുധർമ്മ പ്രചാരണാർത്ഥമുള്ള സംഭാവനകളും സ്പോൺ സർഷിപ്പുകളും പുതിയ കൊട്ടിടത്തിനു വേണ്ടിയുള്ള ധനസമാഹരണം, വിവിധ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് അനുവദിക്കൽ ഏകദിന യാത്രയിൽ, യൂറോപ്യൻ യാത്ര എന്നിവയിൽ നിന്നുള്ള വരുമാനം, ഗുരുജയന്തി ആഘോഷങ്ങൾക്കുള്ള സംഭാവനകളും സ്പോൺസർഷിപ്പും, എല്ലാ കേന്ദ്രങ്ങളിലെയും ഓണ സദ്യയും ക്രിസ്മസ് പുതുവത്സരആഘോഷങ്ങൾ ഇവയെല്ലാം ഇതിൽ ഉൾപ്പെടും. കഴിഞ്ഞ വർഷം മുതൽ അംഗത്വ കുടിശ്ശികയും ഇതിന്റെ കൂടെ ചേർത്തിട്ടുണ്ട് മുൻവർഷങ്ങളിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വലിയ വായ്പകൾക്കുവേണ്ടി Strategy and Planning Cmmittee യുമായി ചേർന്ന് ഫിനാൻസ് കമ്മിറ്റി പ്രവർത്തിക്കുകയും ഭരണഘടനയിൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതുക്കുകയും ചെയ്തു. ഭരണ പരമായ നിലപാടുകൾ ജനറൽ സെക്രട്ടറി നടപ്പിലാക്കി. നമ്മളിപ്പോൾ നടത്തികൊണ്ടിരിക്കുന്ന ന്യൂഹാംപ്രോഗ്രാമിന് ന്യൂഹാൾ കൗൺസിൽ നൽകുന്ന പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നു. ഇതു കൂടാതെ പരിപാടികൾക്കു വേണ്ടി ന്യൂഹാമിൽനിന്ന് രണ്ട് ഗ്രാന്റുകൾക്ക് നമുക്ക് ലഭിക്കുകയുണ്ടായി. പുതിയ സേവനങ്ങൾ നടപ്പിലാക്കുന്നതിനായി ക്രോയ്ഡൺ കൗൺസിലിൽ ഒരു പ്രത്യേക ഗ്രാന്റിന് അപേക്ഷിക്കുകയും അതിന്റെ ഫലത്തിനായി കാത്തിരിക്കുകയുമാണ്. ഗ്രാന്റിനുള്ള അപേക്ഷാ ആ സൂത്രണം ചെയ്യുന്നതിന് വേണ്ട പിന്തുണനൽകിയ സുജഗോപിനാഥിനും അനിരാജേന്ദ്രനും നന്ദി അറിയിക്കുന്നു. അവസാന ഘട്ട കണക്കുകൾ തയ്യാറാക്കുന്നതിൽ മാർഗ്ഗനിർദ്ദേശവും സഹായവും നൽകിയ ബിനോയ്ലാൽ പിള്ളയ്ക്കും നന്ദി അറിയിക്കുന്നു.

**9 കായികംവും വിനോദം**

ചെയർ പേഴ്സൺ: ശ്രീ. ബൈജു ശാന്തശീലൻ

വൈസ് ചെയർ: ശ്രീ. സുരേഷ് ധർമ്മജൻ

ഉപസമിതി മെമ്പേഴ്സ്: ശ്രീ. കെ സി അശോക്കുമാർ, ശ്രീ. ആർ വിനോദ് ബാബു, ശ്രീ. ഗിരിധരൻ വി, ശ്രീ.

കെ തങ്കരാജ്, ശ്രീ. റ്റി കിഷോർകുമാർ

**ബാൻഡ്മിന്റൺ ക്ലബ്**

2014 ൽ ബാഡ്മിന്റൺ ക്ലബ് അതിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുകയും വിജയകരമായി തുടരുകയും ചെയ്യുന്നു. സലീംകരുണാകരന് പ്രത്യേകനന്ദി. കുറഞ്ഞ നിരക്കിൽ ഇത് മുന്നോട്ടു കൊണ്ടു പോകുന്നതിന് ബാഡ്മിന്റൺ ക്ലബിനുവേണ്ടിയുള്ള ഹാൾ നൽകി പിന്തുണ Little Ilford School-നു നന്ദി അറിയിക്കുന്നു. എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്ക് 12 മുതൽ 2 മണിവരെയാണ് ക്ലബ് പ്രവർത്തിക്കുന്നത്. വാർഷിക അംഗത്വത്തിന് 30 പൗണ്ടും ഓരോ സെക്ഷനും രണ്ടര പൗണ്ടുമാണ് ഫീസ്. നമുക്കിപ്പോൾ 25 പേയിംഗ് മെമ്പേഴ്സും കുറെയധികം ഗസ്റ്റ് മെമ്പേള്സും ഉണ്ട്. ഭാവിയിൽ ആവശ്യക്കാരുണ്ടാക്കുകയാണെങ്കിൽ കുട്ടികൾക്കായുള്ള പരിശീലനവും തുടർന്ന് സ്ത്രീകൾക്കും പരിശീലനം നൽകാൻ പദ്ധതിയുണ്ട്.

**എസ്.എൻ.ജി.എം യാത്രകൾ**

പലവിധത്തിലുള്ള യാത്രകൾ വിജയകരമായി നമ്മൾ ആസൂത്രണം ചെയ്തു ബുദ്ധവിഹാരത്തിലേയ്ക്കുള്ള വനിതാഫോറത്തിന്റെ ഏകദിനയാത്ര സംഘടിപ്പിച്ചു. Norfolk Broads ലേയ്ക്കുള്ള ഒരു സമ്മർ ഡേ ട്രിപ്പ് ഞങ്ങൾ സംഘടിപ്പിച്ചു. 2014 ജൂലൈ 4 വെള്ളിയാഴ്ച ശ്രീ തങ്കരാജിന്റെ നേതൃത്വത്തിൽ വെയ്ൽസിലെ Skanda vale Temple-ലേയ്ക്ക് സൗത്ത് ഹാൾ ടീമിന്റെ ഏകദിനയാത്ര സംഘടിപ്പിച്ചത് വലിയ വിജയമായിരുന്നു. വെയ്ൽസിലെ Skanda vale Temple-ലേയ്ക്ക് സൗത്ത് ഹാളിൽ നിന്നും പോയത് 2 മിനിബസുകളിലായി 32 അംഗങ്ങളാണ്. വിശേഷ പൂജയും പ്രത്യേക വാർഷികഘോഷയാത്രയും അംഗങ്ങൾക്ക് കാണുവാൻ സഹായിച്ച ഒരു തീർത്ഥയാത്ര തന്നെയായിരുന്നു ഇത്. ഗുരുജയന്തി ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ അംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും ക്രോയ്ഡണിലേക്ക് ഗതാഗതസൗകര്യം ഏർപ്പെടുത്തി.

ഗംഭീര വിജയമായ യൂറോപ്യൻ ട്രിപ്പായിരുന്നു ഈ വർഷത്തെ യാത്രകളിൽ പ്രധാനപ്പെട്ടത്. പല സംസ്കാര പശ്ചാത്തലത്തിൽ നിന്നും വന്ന ഒരു ഗ്രൂപ്പായിരുന്നു എന്നതു തന്നെ ഒരു വെല്ലുവിളിയായിരുന്നു. കുറഞ്ഞ ചെലവിൽ ആകർഷകമായ സ്ഥലങ്ങൾ കാണുവാൻ അംഗങ്ങൾക്കും അംഗങ്ങളല്ലാത്തവർക്കും കിട്ടിയ അവസരമായിരുന്നു ഇത്. യാത്രികരുടെ പൂർണ്ണമായ ശ്രദ്ധ ഉറപ്പാക്കിക്കൊണ്ട് ശ്രീ. മുരളീധരന്റെ നേതൃത്വത്തിലുള്ള കുറച്ച് എക്സിക്യൂട്ടീവ് മെമ്പർമാരുടെ മികച്ച കൂട്ടായ ശ്രമത്തിന്റെ ഫലമായിരുന്നു ഈ യൂറോപ്യൻ ട്രിപ്പിന്റെ വിജയം. ഇത് ഓർമ്മയിൽ തങ്ങി നിൽക്കുന്ന ഒരു അനുഭവമാക്കി മാറ്റിയതിന് എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾക്ക് നന്ദി.

**10. അംഗത്വം**

ചെയർപേഴ്സൺ : ശ്രീ. ടി.ജി. ശശിധരൻ

വൈസ് ചെയർ : ശ്രീ. സുരേഷ്ധർമ്മജൻ

ഉപസമിതി അംഗങ്ങൾ : ശ്രീ. കെ.സി. അശോകകുമാർ, ശ്രീ. ആർ. വിനോദ്ബാബു, ശ്രീ. വി. ഗിരിധരൻ, ശ്രീ. കെ. തങ്കരാജ്, ശ്രീ. ടി. കിഷോർകുമാർ.

തെറ്റുകളൊന്നുമില്ലാത്ത പുതുക്കിയ മെമ്പർഷിപ്പ് ലിസ്റ്റ് തയ്യാറാക്കുന്നതിന് മെമ്പർഷിപ് ഉപസമിതി ശ്രദ്ധാപൂർവ്വം പ്രവർത്തിച്ചു. വാർഷിക വരിസംഖ്യ സമാഹരിച്ച് അംഗങ്ങളുടെ വിലാസം രേഖകളിൽ പുതുക്കുന്നതിന് നിലവിലുള്ള എല്ലാ അംഗങ്ങളുമായും ബന്ധം പുലർത്തി. യുവാക്കളുടെ അംഗത്വം കൂട്ടേണ്ടതുണ്ട്. ഇതിനായി നമ്മളെല്ലാവരും പരിശ്രമിക്കേണ്ടതാണ്. നമ്മുടെ സംഘടനയുടെ വളർച്ചക്ക് വേണ്ടി നമ്മുടെ കുട്ടികളേയും ബന്ധുക്കളെയും സുഹൃത്തുക്കളെയും കുടുംബങ്ങളെയും അംഗത്വം എടുക്കാൻ പ്രേരിപ്പിക്കണം. **അംഗങ്ങളെ സംബന്ധിച്ച ഇപ്പോഴത്തെ നില താഴെയുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു.**

| Resident Life | OAP | Resident Ordinery | Non Resident Life | Non Resident Ordinery | Unknown Life | Unknown Ordinary | Associate Member |
|---|---|---|---|---|---|---|---|
| 271 | 100 | 388 | 24 | 82 | 10 | 62 | 0 |

Total number of live members 937

**11. <u>Women's Forum, Welfare and Pensioner's Day Centre</u>**

ചെയർ : ശ്രീമതി. വൽസമ്മ തങ്കപ്പൻ

വൈസ് ചെയർ :ശ്രീമതി. ബീന പുഷ്കാസ്

സബ്കമ്മറ്റി അംഗങ്ങൾ : ശ്രീമതി. സ്വയംപ്രഭ പുരുഷോത്തമൻ, ശ്രീമതി. ബീന ശ്രീനാരായണ, ശ്രീമതി. വസന്ത രാമകൃഷ്ണൻ, ശ്രീമതി. സലീന സദാശിവൻ, ശ്രീമതി. ലീന സലിം, ശ്രീമതി. സുലോചന ശ്രീധരൻ, ശ്രീമതി. സുധ ശശിധരൻ, ശ്രീ. സുരേഷ് കുമാർ ജി., ശ്രീമതി. സുമതി നായർ, ശ്രീമതി. ശാലി ഗിരിലാൽ, ശ്രീ. ടി.ജി. ശശിധരൻ, ശ്രീ. ബി. ശ്രീകുമാർ, ശ്രീ. പി. അരുൺ.

London Borough of Newham, Neighbourig Boroughs ഉള്ള വിവിധ പ്രായത്തിലുള്ള വ്യത്യസ്ത സമുദായങ്ങളിലെ സ്ത്രീകൾക്ക് പിന്തുണ നൽകുന്നതിന് വേണ്ടി എസ്.എൻ.ജി.എം. വനിതാഫോറം എല്ലാ തിങ്കളാഴ്ചയും രാവിലെ 10 മുതൽ 2 വരെ യോഗം ചേരുന്നു. നാഷണൽ ഹെൽത്ത് സർവ്വീസിലെ വിദഗ്ധരും, ന്യൂഹാം കൗൺസിൽ അംഗങ്ങളും നടത്തുന്ന എക്സർസൈസ് ക്ലാസുകൾ, ആരോഗ്യ ഭക്ഷ്യകാര്യങ്ങളെ പ്പറ്റിയുള്ള ചർച്ചകളും

ക്ലാസുകളും തുടങ്ങിയവയൊക്കെ ഇതിൽ പെടുന്നു. ആകർഷകമായ സ്ഥലങ്ങളിലേക്കുള്ള യാത്രകളും വാർഷികാഘോഷവും സംഘടിപ്പിച്ചു. പ്രതിമാസ പ്രാർത്ഥന, ഓണസദ്യ, ഗുരുജയന്തി, ക്രിസ്മസ് ആഘോഷങ്ങൾ തുടങ്ങിയ പ്രധാന പരിപാടികളിലെല്ലാം വനിതാഫോറം സജീവമായി പങ്കെടുത്തു.

**അന്താരാഷ്ട്രാ വനിതാദിനം**

2014 മാർച്ച് 9ന് വിവിധ പരിപാടികളോടെ എസ്.എൻ.ജി.എം. അന്താരാഷ്ട്രാ വനിതാദിനം ആഘോഷിച്ചു. സത്രീകളും പുരുഷന്മാരുമായി 50–നു മുകളിൽ ആളുകൾ ഈ ചടങ്ങിൽ പങ്കെടുത്തു. ചെയർപേഴ്സൺ വത്സമ്മ തങ്കപ്പൻ, സദസ്യരെ സ്വാഗതം ചെയ്യുകയും അന്താരാഷ്ട്രാവനിതാദിനത്തിന്റെ പ്രാധാന്യത്തെപ്പറ്റി പ്രസംഗിക്കുകയും ചെയ്തു. വൈസ് ചെയർപേഴ്സൺ ബീന പുഷ്കാസ് സദസ്യർക്കും വോളണ്ടിയേർസിനും ചടങ്ങ് ഒരു വലിയ വിജയമാക്കിയതിന് നന്ദി അറിയിച്ചു.

വനിതാ ഗ്രൂപ്പും യുവജന ഗ്രൂപ്പ് അംഗങ്ങളും ചേർന്ന് അവതരിപ്പിച്ച 'ദി വെഡ്ഡിങ്' എന്ന നാടകം, ശ്രീമതി ലീന സലീം സംഘടിപ്പിച്ച ഫാഷൻ ഷോ, നൃത്തം, ശാസ്ത്രീയ നൃത്തം, ഗാനങ്ങൾ, ഹാസ്യപരിപാടികൾ തുടങ്ങിവയായിരുന്നു ആ ദിവസത്തെ പ്രധാന ആകർഷണങ്ങൾ.

'ദി വെഡ്ഡിങ്' എന്ന നാടകം എഴുതി സംവിധാനം ചെയ്തത് ശ്രീമതി സലീനാ സദാശിവൻ ആണ്. ബീന പുഷ്കാസ്, കീർത്തി എസ്, സുലോചന ശ്രീധരൻ, ഗിരിധരൻ വി, ജീവൻജ്യോതി പ്രകാശ്, അനിതാ രാജ്, കിരൺ സുരേഷ് എന്നിവർ അഭിനയിച്ച നാടകം  മൊഴിമാറ്റം നടത്തിയത് ശ്രീമതി ബീനാ പുഷ്കാസ് ആണ്. പുതിയ തലമുറയ്ക്ക് ഉപകാരപ്രദമായ ഒരു സന്ദേശം നൽകിയ ഈ നാടകം സദസ്യർ നന്നായി സ്വീകരിച്ചു.

**ഏകദിന യാത്രകൾ**

Guildford - നു അടുത്തുള്ള Hampshire- ലുള്ള മനോഹരമായ 150 ഏക്കർ വനത്തിനുള്ളിലുള്ള ബുദ്ധവിഹാരം സന്ദർശിക്കുവാൻ 2014 ജൂലൈ 12 ന് വനിതാഫോറം ഒരു യാത്ര സംഘടിപ്പിച്ചു. തായി ഫോറസ്റ്റ് മാസ്റ്റേഴ്സിന്റെ ഗോത്രത്തിൽപ്പെട്ട തേരാവാദ ബുദ്ധിസത്തിലെ സന്ന്യാസിമാരെ പരിശീലിപ്പിക്കുന്ന ഒരു സന്ന്യാസ കേന്ദ്രമാണിത്. ഭക്ഷണത്തിനു മുമ്പ് പാലി ഭാഷയിൽ പ്രാർത്ഥനകൾ ഉരുവിടുന്നത് ഞങ്ങൾക്ക് കേൾക്കുവാൻ സാധിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം ഒരു പ്രഭാഷണവും ധ്യാനവും ഞങ്ങൾക്ക് ലഭിച്ചു. അതിന്റെ സന്ദേശം ശ്രീനാരായണഗുരുവിന്റെ തത്യങ്ങളുമായി സാമ്യതയുള്ളതായിരുന്നു. 5 മുതൽ 10 മിനിറ്റു വരെ എല്ലാ ദിവസവും അവർ ധ്യാനിക്കുന്നു. വലിയ വൃക്ഷങ്ങളും നദിയുമുള്ള മലമുകളിലെ വനത്തിലേക്കുള്ള യാത്രയോടെയായിരുന്നു ആ ദിവസം അവസാനിച്ചത്. ഇവിടെ ഒരു മനുഷ്യന് നിൽക്കുവാൻ പോലും ഇടമില്ലാത്ത ത്രികോണാകൃതിയിലുള്ള 'Kuti' എന്നു വിളിക്കുന്ന ചെറിയ കുടിലുകൾ ഉണ്ട്. ഗ്യാസ് ഹീറ്ററുള്ള ഇവിടെ ടോയ്ലെറ്റോ മറ്റ് ഉപകരണങ്ങളോ വൈദ്യുതിയോ ഇല്ല. ലളിതവും ശൂന്യവുമാണ് അവിടം. ക്രിയാത്മക ചൈതന്യവും മനശക്തിയും നേടുന്നതിന് എല്ലാ വർഷവും സന്ന്യാസിമാർ 12 ആഴ്ച ഇവിടെ ചെലവഴിക്കും.

**സ്വാമി തന്മയയുടെ ക്ലാസ്സുകൾ**

മനുഷ്യജീവിതവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ അഗാധമായ അറിവുള്ള സ്വാമി തന്മയയുടെ ക്ലാസ്സുകൾ വനിതാഫോറത്തിലെ അംഗങ്ങൾ അങ്ങേയറ്റം ആസ്വദിച്ചു. 2014 സെപ്റ്റംബർ 15 മുതൽ 2014 ഡിസംബർ 1 വരെയുള്ള എല്ലാ തിങ്കളാഴ്ചയും രാവിലെയും വൈകിട്ടുമായിരുന്നു ക്ലാസ്സുകൾ നടത്തിയത്. രാവിലത്തെ പ്രഭാഷണങ്ങൾ മനുഷ്യന്റെ ആരോഗ്യവുമായി ബന്ധപ്പെട്ടതും വൈകുന്നേരമുള്ളത് ആത്മീയപരവുമായിരുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ വളരെ ആസ്വാദ്യകരവും  അദ്ദേഹത്തിന്റെ സന്ദേശങ്ങൾ നിത്യജീവിതത്തിന് വളരെ ഉപകാരപ്രദവുമായിരുന്നു. പല ഉദാഹരണങ്ങളിലൂടെ തികച്ചും ലളിതമായ ഭാഷയിൽ അദ്ദേഹം ഓരോ വിഷയവും വിശദമാക്കി. ഞങ്ങളെല്ലാവരും അദ്ദേഹത്തിന്റെ ക്ലാസ്സുകൾ വളരെയധികം ആസ്വദിച്ചു. അദ്ദേഹത്തിന്റെ അദ്ധ്യാപനമികവ് അങ്ങേയറ്റം പ്രശംസനീയമാണ്.

**Day Centre**

പ്രായമായ പുരുഷന്മാരെയും സ്ത്രീകളെയും ഉദ്ദേശിച്ചുള്ളതാണ് ഡേസെന്റർ. എല്ലാ ചൊവ്വാഴ്ചയും രാവിലെ 10 മുതൽ 2 മണി വരെ വ്യായാമങ്ങൾ, ആരോഗ്യപാഠങ്ങൾ, നൃത്തപാഠങ്ങൾ, മറ്റ് ശാരീരികക്ഷമതാ വ്യായാമങ്ങൾ എന്നിവയൊക്കെ ഉൾപ്പെടുത്തിയാണ് ഇത് നടത്തുന്നത്. ആരോഗ്യകരമായ ഒരു വെജിറ്റേറിയൻ ഉച്ചഭക്ഷണവും പങ്കെടുക്കുന്ന എല്ലാവർക്കും നൽകുന്നു.

**Warm Centre and Summer Centre**

പെട്ടെന്നുണ്ടാകുന്ന തണുത്ത കാലാവസ്ഥയെ പ്രതിരോധിക്കാൻ ന്യൂഹാം കൗൺസിലുമായി ചേർന്ന് നമ്മുടെ പ്രായമായ സെന്റർ ഉപയോക്താക്കൾക്കു വേണ്ടിയാണ് ഈ പ്രോഗ്രാം. ഇത് മൂലം ഒറ്റപ്പെട്ട വൃദ്ധജനങ്ങൾക്ക് എസ്.എൻ.ജി.എം.–ന്റെ പരിപാടികളിൽ പങ്കെടുക്കാനും പുതിയ സുഹൃത്തുക്കളെ സമ്പാദിക്കാനും മറ്റും സാധിക്കും. ചൂട് പാനീയങ്ങൾ, ബിസ്കറ്റുകൾ, വെജിറ്റേറിയൻ ഉച്ചഭക്ഷണം എന്നിവ നൽകുന്നു. തണുപ്പുമാസങ്ങൾക്കു ശേഷം സമ്മർസെന്ററിലേയ്ക്ക് മാറുന്നു. ഈ പരിപാടി വീണ്ടും ന്യൂഹാം കൗൺസിൽ സെന്റർ ഉപയോക്താക്കൾക്ക് വേണ്ടി നൽകുകയും വ്യായാമ ക്ലാസ്സുകളും ആരോഗ്യസെമിനാറുകളും ഏകദിനയാത്രകളും അവർക്കായി സംഘടിപ്പിക്കുകയും ചെയ്യുന്നു.

**കമ്മിറ്റി സംഘടിപ്പിച്ച മറ്റ് പ്രധാന ചടങ്ങുകൾ**

1. Coronary Heart Disease - നെയും ഭക്ഷണക്രമീകരണത്തെയും പറ്റി മാൻഡി മക്ഡൊണാൾഡ്, മീനാ പെരുമാൾ NHS, എന്നിവർ നടത്തിയ ആരോഗ്യ സെമിനാർ.

2. Pan Hooper Physical Activity Lead from Active Newham meeting
3. വനിതാഫോറത്തിന്റെ 9-ാമത് വാർഷികാഘോഷം
4. ക്രിസ്മസ് ഗെറ്റ് റ്റുഗതർ പാർട്ടി

**നന്ദി**

ന്യൂഹാം കൗൺസിലിന്റെയും ന്യൂഹാം ആക്ടീവ് സെന്ററിന്റെയും സഹായത്തോടെ അംഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി വനിതാഫോറം കഴിഞ്ഞ കുറെ വർഷങ്ങളായി വിജയകരമായി പ്രവർത്തിക്കുന്നു.

• നമ്മുടെ പരിപാടികൾ വിജയകരമാക്കുന്നതിന് വേണ്ട പിന്തുണ നൽകിയ എല്ലാ സന്നദ്ധപ്രവർത്തകരെയും കമ്മിറ്റി നന്ദിയോടെ സ്മരിക്കുന്നു. ശ്രീമതി. സ്വയംപ്രഭ പുരുഷോത്തമൻ, ശ്രീമതി. സുമതി നായർ എന്നിവർക്ക് പ്രത്യേക നന്ദി.

• ന്യൂഹാം കൗൺസിലിന്റെ സഹായത്തോടെ ഈ വർഷം വളരെയധികം നേട്ടങ്ങൾ കരസ്ഥമാക്കുവാൻ എസ്.എൻ.ജി.എം, യുകെയ്ക്ക് സാധിച്ചു. വരും വർഷങ്ങളിലും കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ന്യൂഹാം കൗൺസിലിനും പ്രത്യേകിച്ച് ന്യൂഹാം കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ഓഫീസർമാരായ മേരി പട്ടേൽ, പോൾ റം, ശരൺ ഹുഞ്ചൻ എന്നിവർക്കും നന്ദി. ഇവരുടെ പിന്തുണ വരും വർഷങ്ങളിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ന്യൂഹാം ആക്ടീവ് സെന്ററിൽ നിന്നുള്ള കായിക പരിശീലക ക്രിസ്റ്റീനയ്ക്കും പ്രത്യേക നന്ദി.

• അങ്ങേയറ്റം ഉപകാരപ്രദമായ ക്ലാസ്സുകളും ഉപദേശങ്ങളും നൽകിയ സ്വാമി തന്മയയെയും പ്രത്യേകം നന്ദി അറിയിക്കുന്നു.

**12 യുവജന ഫോറം**

ചീഫ് കോഓർഡിനേറ്റർ: ശ്രീ ഗിരിലാൽ സുകുമാരൻ
ചെയർപേഴ്സൺ: ശ്രീ രാകേഷ് കിരൺ ശ്രീനിവാസൻ
വൈസ് ചെയേർപേഴ്സൺ: ശ്രീ. ജീവൻ ജ്യോതി പ്രകാശ്

ഉപസമിതി അംഗങ്ങൾ: വീണ വിനോദ്ബാബു, ഷാനൽ സലിവ്, നന്ദു ഗിരിലാൽ, നിധീഷ് ജെയ്ൻ, ശ്രീ. ബൈജു ശാന്തശീലൻ, ശ്രീ. എൽ ആർ ദിലീപ് കുമാർ, ഡോ. വി സരസൻ, ശ്രീമതി ബീന ശ്രീനാരായണ, ജീന സരസൻ

യുവജനങ്ങൾക്ക് വളരെയധികം നേട്ടങ്ങൾ ഉണ്ടായ വർഷമാണ് 2014. യുവജനങ്ങൾക്കു വേണ്ടി ഈസ്റ്റ് ഹാമിൽ വെച്ച് ഒരു ഫുട്ബോൾ ടൂർണമെന്റും ഈസ്റ്റ് ഹാമിലെ കുട്ടികൾക്കു വേണ്ടി ക്രിസ്മസ് പാർട്ടിയും സംഘടിപ്പിച്ചു. 2014-ൽ കിരൺ ശ്രീനിവാസൻ, ജീവൻ ജ്യോതി പ്രകാശ്, വീണ വിനോദ്ബാബു, ഷാനൽ സലിവ്, നന്ദു ഗിരിലാൽ, നിധീഷ് ജെയ്ൻ എന്നീ യുവജന അംഗങ്ങൾ വളരെയധികം കഷ്ടപ്പെടുകയും കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്തു. അവരുടെ പ്രവർത്തനങ്ങൾക്ക് എസ്.എൻ.ജി.എം നന്ദി പറയുന്നു. 2015 ഫെബ്രുവരിയിൽ യൂത്ത് ഫെസ്റ്റിവൽ നടത്താനും പദ്ധതിയിട്ടു. യൂത്ത് മെമ്പറിലൊരാൾ തയ്യാറാക്കിയ ഫുട്ബോൾ ടൂർണമെന്റിനെപ്പറ്റിയുള്ള റിപ്പോർട്ട് താഴെ:

**7A side ഫുട്ബോൾ ടൂർണമെന്റ്**

**(ജ്യോതി പ്രകാശ് തയ്യാറാക്കിയ റിപ്പോർട്ട്)**

ശ്രീനാരായണ ഗുരു മിഷന്റെ 7A side ഫുട്ബോൾ ടൂർണമെന്റിന്റെ ഉദ്ഘാടനവേദി Langdon അക്കാദമി ആയിരുന്നു. ഇംഗ്ലണ്ട് ഫുട്ബോൾ ടീമിനെ പോലും അസൂയപ്പെടുത്തുന്നതും ആകാംക്ഷയുടെ പരകോടിയിലെത്തിക്കുന്ന പെനാൽറ്റി ഷൂട്ട്ഔട്ട് ആയിരുന്നു കളിയുടെ പ്രത്യേകത.

40-ഓളം കളിക്കാർ തങ്ങളുടെ ടീമിനെ വിജയത്തിലേക്ക് നയിക്കാൻ വേണ്ടി അണി നിരന്ന ടൂർണമെന്റിന് ഡിസംബർ 13 ശനിയാഴ്ച ഉച്ച കഴിഞ്ഞ് കിക്കോഫ് നടത്തി. 13 മുതൽ 19 വരെ പ്രായമുള്ള വിവിധ പശ്ചാത്തലത്തിൽ നിന്നും വന്ന കളിക്കാർ തികച്ചും മത്സരബുദ്ധിയോടെ കളിച്ച ടൂർണമെന്റ് അങ്ങേയറ്റം മനോഹരമായിരുന്നു.

ഏറ്റവും മികച്ച 4 ഗ്രൂപ്പുകൾ സെമിഫൈനലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും തുടർന്ന് ഫൈനലും അരങ്ങേറി. മത്സരം എല്ലാ രീതിയിലും ആസ്വാദ്യകരമായിരുന്നു. മഹേഷിന്റെയും നിതിന്റെയും ടീമുകളായിരുന്നു ഫൈനലിലെത്തിയത്. ഒരിഞ്ചു പോലും വിട്ടു കൊടുക്കാതെ രണ്ടു ടീമുകളും പോരാടിയപ്പോൾ വിജയിയെ നിശ്ചയിക്കാൻ വീണ്ടും ഒരു പെനാൽറ്റി ഷൂട്ട് ഔട്ട് വേണ്ടി വന്നു. മഹേഷിന്റെ ടീമിന്റെ മുൻപരിചയം അവരെ വിജയം നേടുന്നതിൽ സഹായിച്ചു. വിജയിച്ച ടീമും റണ്ണേഴ്സ് അപ് ആയ ടീമും അവസാനം വരെ തങ്ങളുടെ സ്പോർട്സ്മാൻ സ്പിരിറ്റ് പ്രകടമാക്കി.

ഈ ടൂർണമെന്റ് ഒരു വൻവിജയമായിരുന്നു. റഫറിയായി പ്രവർത്തിച്ചത് മഞ്ചു ലാലാണ്. ഷാനൽ, നിധീഷ്, നന്ദു എന്നിവർ മാർക്കറ്റിംഗ് നടത്തി ടീമുകളെ എത്തിച്ചു. അന്നേ ദിവസം എല്ലാവരെയും ഒത്തിണക്കി അവരവരുടെ ഭാഗം ഭംഗിയാക്കുന്നതിൽ സഹായിച്ചത് ഗിരിലാൽ ആയിരുന്നു. ഇവർ തീർച്ചയായും നന്ദി അർഹിക്കുന്നു.

പതിവായി എജ്യുക്കേഷൻ സെന്ററിനും ഗുരുജയന്തി ആഘോഷങ്ങൾ ഉൾപ്പെടെ പ്രധാനപ്പെട്ട എല്ലാ പരിപാടികൾക്കും വേണ്ട എല്ലാ പിന്തുണയും നൽകുന്ന യുവാക്കളുടെ ഒരു സംഘം നമുക്ക് ക്രോയ്ഡണിൽ ഉണ്ട്. വോളണ്ടിയേർസിനും കൂടാതെ എജ്യുക്കേഷൻ സെന്ററിനെ പിന്തുണയ്ക്കുന്ന എയ്മി അജി കുമാർ, ലിസ ശിവകുമാർ, തേയ നടരാജൻ, താര നടരാജൻ, റിയ രാജേന്ദ്രൻ, ഷോൺ ബാബു പിള്ള, ഉമ അശോകൻ, വിശാൽ അശോകൻ, യാഷ് അശോകൻ എന്നിവർക്കും നന്ദി അറിയിക്കുന്നു.

ക്രോയ്ഡൺ ബിൽഡിംഗ് ഫണ്ടിലേയ്ക്കുള്ള പണം സമാഹരിക്കുന്നതിനു വേണ്ടി അക്ഷീണം പ്രയത്നിച്ച എല്ലാ യുവ വോളണ്ടീയർമാർക്കും നന്ദി അറിയിക്കുന്നു. കേക്ക്, പാനീയങ്ങൾ ഇവയുടെ വിൽപനയിലൂടെയും കാർബൂട്ട് സെയിലിലൂടെയും അവർ ഏകദേശം 100 പൗണ്ട് സമാഹരിച്ചു. അടുത്ത പ്രൊജക്ടിനായി വേനൽക്കാലത്ത് ചീസ് കേക്ക് വിൽപനയ്ക്കൊപ്പം ക്രോയ്ഡൺ സെന്ററിൽ ഒരു ഫാഷൻ ഷോയും യുവവോളണ്ടിയർമാരുടെ പരിഗണനയിലുണ്ട്.

യുവവോളണ്ടിയർമാർ പ്രദർശിപ്പിക്കുന്ന നേതൃത്വഗുണത്തെ ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങളെ ഭംഗിയായി മുൻപോട്ടു കൊണ്ടു പോകുന്നതിന് കൂടുതൽ വോളണ്ടിയർമാരെ നമുക്ക് ആവശ്യമുണ്ട്. താങ്കളുടെ സഹായവും പിന്തുണയും, അത് എത്ര കുറഞ്ഞ സമയമാണ് താങ്കൾക്ക് നൽകുവാൻ ഉള്ളതെങ്കിൽ കൂടി, ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അഡ്മിൻ, സപ്പോർട്ട് സ്റ്റാഫ്, ടീച്ചിങ്ങ് അസിസ്റ്റന്റ് എന്നിങ്ങനെ പല അവസരങ്ങളും ഇവിടെ ഉണ്ട്. 6 മാസത്തെ തുടർച്ചയായ വോളണ്ടിയർ സർവ്വീസിനു ശേഷം റഫറൻസ് നൽകുന്നതാണ്.

**മറ്റ് സംഘടനകളുമായി ചേർന്നുള്ള കൂട്ടായ പ്രവർത്തനങ്ങൾ**

വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യപരവുമായ മേഖലകളിൽ വിവിധ സംഘടനകളുമായി ഞങ്ങൾ ചേർന്നു പ്രവർത്തിച്ചു.

എ) ലണ്ടൻ ബറോ ഓഫ് ന്യൂഹാം
ബി) ലണ്ടൻ ബറോ ഓഫ് ക്രോയ്ഡൻ
സി) ക്രോയ്ഡൻ വോളണ്ടറി അസോസിയേഷൻ
ഡി) കേരള കാത്തലിക് അസോസിയേഷൻ
ഇ) ന്യൂഹാം യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ
എഫ്) മലയാളി അസോസിയേഷൻ ഓഫ് ദി യുകെ
ജി) ഏജ് കൺസേൺ
എച്ച്) ഡയബറ്റിക് അസോസിയേഷൻ ഓഫ് ദി യുകെ
ഐ) ന്യൂഹാം കമ്മ്യൂണിറ്റി കോളേജ്
ജെ) Little Ilford School

മറ്റ് സന്നദ്ധസംഘടനകളുമായി ഞങ്ങളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കാനും കൂടുതൽ വൈദഗ്ധ്യമുള്ളവരാകുവാനും ഞങ്ങൾക്ക് അതീവ താൽപര്യം ഉണ്ട്. ഭാവിയിൽ മറ്റ് സന്നദ്ധ സംഘടനകളുമായിട്ടുള്ള കൂട്ടായ്മ പ്രവർത്തനത്തിൽ മുന്നേറ്റം നടത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

**കൃതജ്ഞത**

• നമ്മുടെ ഇന്റേണൽ ഓഡിറ്റേർസ്: ശ്രീ. ഹരിദാസ് ഭാസ്കരൻ & ശ്രീ. കെ മോഹൻകുമാർ

• ശ്രീ. ബിനോയി ലാൽ പിള്ള: എസ്.എൻ.ജി.എം അവസാന കണക്ക് തയ്യാറാക്കിയത്. അദ്ദേഹത്തിന്റെ ആത്മാർത്ഥവും പ്രശംസാർഹവുമായ സേവനത്തിന്

• ശ്രീ. അസ്ലം, ശ്രീ സലിം കരുണാകരൻ, ശ്രീമതി. ബീന പുഷ്കാസ്, ശ്രീമതി. ലീന സലിം, ശ്രീമതി. ജീജ ശ്രീലാൽ, ശ്രീമതി. സന്ധ്യ അനിൽ, ശ്രീ. വിനോദ് കുമാർ, ശ്രീ. ശശി എസ് കുളമട എന്നിവരുടെ സ്തുത്യർഹമായ സേവനത്തിന്

• ശ്രീ. ശ്രീകുമാർ (ഏഷ്യാനെറ്റ്) : സൗജന്യമായി ഏഷ്യാനെറ്റ് മലയാളം ചാനൽ നൽകുന്നതിന്

• London Borough of New Ham, London Borough of Croydon, Little Ilford School and CVA Management at others

• മാധ്യമ പ്രചാരകർ: കേരളകൗമുദി, യുകെമലയാളി, കേരളാലിങ്ക്, ഇൻഫോമലയാളി, ബ്രിട്ടീഷ് മലയാളി കൂടാതെ മറ്റുള്ളവരും.

• പ്രാദേശിക സംഘടനകൾ. MUK, Centre4M, KCA എന്നിവർക്ക് ഞങ്ങളുടെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. അവസാനമായി തുടർച്ചയായ പിന്തുണ കൊണ്ടു ഞങ്ങളെ സഹായിച്ച നമ്മുടെ എല്ലാ മെമ്പേഴ്സിനെയും അവരുടെ കുടുംബത്തെയും ഞങ്ങളുടെ നന്ദി അറിയിക്കുന്നു.

ഗുരുദേവൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.
യുകെയിലെ ശ്രീനാരായണഗുരു മിഷനു വേണ്ടി,

**പി.വി. വിജയൻ**

15 മെയ് 2015 **ജനറൽ സെക്രട്ടറി**